
No. 197

FEBRUARY 2006

# KERALA PRIVATE COLLEGE TEACHER

*a monthly journal of the all kerala private college teachers' association*



KERALA PRIVATE COLLEGE TEACHER

MONTHLY JOURNAL OF THE AKPCTA

**No. 197 FEBRUARY 2006**



**EDITORIAL BOARD**

*Chief Editor*
**Dr. S. JAYARAJ KUMAR**


*Managing Editor*
**V. JAYAKUMAR**

*Assistant Editor*
**Dr. G. S. SURESH**

*Members*

Thomas Joseph
A. Prathapachandran Nair
P. Reghunath
M.P. Vijayalekshmi
K. Sasidharan
M.S.Vasanthakumar
Dr. C.R.Prasad
Mathew J. Muttath
N.Rajan
Soman Nadar
Kavumbai Balakrishnan
P. Sivadasan


visit www.akpcta.org



197

# inside


Kothari Versus Cabe:
*Thomas Joseph*

- ജനകീയ വിദ്യാഭ്യാസ കൺവെൻഷൻ
- Contradictory Message from IEM 2006
- Letter to NIEPA Against Implementation of GATS in Higher Education
- മൊസാർട്ടിന് മരണമില്ല
എം. എസ്. വസന്തകുമാർ

- Editorial
- Economic Focus
- സർവ്വീസ് പംക്തി
- ശാസ്ത്രജാലകം
- ജില്ലാവാർത്തകൾ
- Judgment
- നിവേദനങ്ങൾ
- സർക്കാർ ഉത്തരവുകൾ

# സംസ്ഥാന സമ്മേളനം വിജയിപ്പിക്കുക

**എ കെ പി സി ടി എ** യുടെ 48-ാം സംസ്ഥാന സമ്മേളനം 2006 മാർച്ച് 10, 11, 12 തീയതികളിൽ തിരുവല്ലായിൽ നടക്കുകയാണ്. വിദ്യാഭ്യാസം നല്കാനുള്ള ഉത്തരവാദിത്വത്തിൽ നിന്നുള്ള സർക്കാരുകളുടെ പിൻമാറ്റം, വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽകരണ - വ്യാപാരവൽക്കരണ നയം, അദ്ധ്യാപക തസ്തികകൾ ചുരുക്കൽ കരാർ അദ്ധ്യാപകരുടെ എണ്ണം വർദ്ധിപ്പിക്കൽ, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തെ അരാജകത്വം ഇങ്ങനെ സമൂഹത്തെ ദുഷിപ്പിക്കുന്ന സുപ്രധാന പ്രശ്നങ്ങളാണ് ഇന്ന് നമ്മുടെ രംഗം അഭിമുഖീകരിക്കുന്നത്. ഉന്നതവിദ്യാഭ്യാസത്തിന്റെ പുരോഗതി ലക്ഷ്യമിട്ട പൊതുമിനിമം പരിപാടിയിൽ ദേശിയ വരുമാനത്തിന്റെ 6 ശതമാനം ചെലവിടുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഉന്നതവിദ്യാഭ്യാസത്തിനായി സർക്കാർ ചെലവ് വെറും 0.4 ശതമാനം മാത്രമാണ്. ഗാററ്സ് (GATS) ഉടമ്പടിയുടെ വരവോടെ വിദ്യാഭ്യാസം പൂർണ്ണമായും വ്യാപാരം ചെയ്യപ്പെടുന്ന ഒരു 'ചരക്കായി' മാറുമെന്ന അവസ്ഥയുമുണ്ട്. എയ്ഡഡ് സമ്പ്രദായം നിറുത്തലാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ എയ്ഡഡ് കോളജുകളിൽ പുതിയതായി എയ്ഡഡ് കോഴ്സുകൾ അനുവദിക്കാതിരിക്കുകയും നിലവിലുള്ള ഒഴിവുകൾ നികത്താതെ, കരാർ അദ്ധ്യാപകരുടെ നിയമനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. സ്വാശ്രയ കോളജുകളും കോഴ്സുകളും ഒരു നിയന്ത്രണവുമില്ലാതെ അനുവദിക്കുകയും പ്രൊഫഷണൽ കോഴ്സുകൾക്ക് ഉദാരമായ പ്രവേശന വ്യവസ്ഥ ഉണ്ടാക്കുകയും ഒപ്പം ഫീസ് വർദ്ധനവ് നടപ്പിലാക്കുകയും ചെയ്യുകവഴി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം തകർക്കുകയും അർഹതയുള്ള വിദ്യാർത്ഥികൾക്ക് പഠിക്കുവാനുള്ള അവകാശം നിഷേധിക്കുകയുമാണ്. ഡിസംബർ 13 മുതൽ 18 വരെ ഹോങ്കോങ്ങിൽ നടന്ന ലോകവ്യാപാര സംഘടനയുടെ മന്ത്രിതല സമ്മേളനത്തിൽ വിദ്യാഭ്യാസം ഉൾപ്പെടുന്ന സേവന രംഗം ആഗോള വ്യാപാര കരാറിന്റെ ഭാഗമാക്കാൻ തീരുമാനമായി. ഈ സമ്മേളനത്തിന്റെ തുടർച്ചയാണ് കൊച്ചിയിൽ ഫെബ്രുവരി 4 മുതൽ 7 വരെ കേരള സർക്കാർ നടത്തിയ "അന്താരാഷ്ട്ര വിദ്യാഭ്യാസ മേള" (IEM 2006). കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖല ആഗോള വിദ്യാഭ്യാസ കച്ചവടക്കാർക്ക് തുറന്നു കൊടുക്കുകയും ഇവിടത്തെ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളെ അവർക്ക് തീറെഴുതി നൽകുന്നതിനുമുള്ള ലക്ഷ്യമായിരുന്നു മേളക്കുണ്ടായിരുന്നത്. അവസാനം പ്രഖ്യാപിതവും, അപ്രഖ്യാപിതവുമായ ലക്ഷ്യങ്ങൾ കാണാതെ മേള അവസാനിക്കുകയും ചെയ്തു.

വിദ്യാഭ്യാസം പൗരാവകാശത്തിന്റെ ഭാഗമായി മാറേണ്ടിയിരിക്കുന്നു. സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ കേരളത്തിലെ ജനങ്ങൾക്ക് അവകാശപ്പെട്ട പൊതു ആസ്തികളാണ്. ഈ അവകാശം സംരക്ഷിക്കപ്പെടണം. അതി ശക്തവും ദൃഢവുമായ ഉന്നതവിദ്യാഭ്യാസ വ്യവസ്ഥ നമുക്കിന്ന് ആവശ്യമാണ്. ഉന്നതവിദ്യാഭ്യാസത്തിന്റെ വികസനത്തിൽ നിന്ന് നാടിന് സാമൂഹികവും സാമ്പത്തികവുമായ ഗുണമേന്മയുണ്ടാവും. ഈ ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ സംഘടനയ്ക്ക് കൂടുതൽ കരുത്താകാൻ തിരുവല്ലായിൽ നടക്കുന്ന 48-ാം സംസ്ഥാന സമ്മേളനത്തിന് കഴിയണം. സമ്മേളനത്തിന്റെ വിജയത്തിനായി എല്ലാവരുടേയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു.

# അനുസ്മരണം



വിദ്യാഭ്യാസ വിചക്ഷണനും പ്രബന്ധകാരനും വാഗ്മിയുമായിരുന്ന **ഡോ. പി. കെ. രാജൻെറ** സ്മരണയ്ക്കു മുമ്പിൽ എ. കെ. പി. സി. ടി. എ ആദരാഞ്ജലികൾ അർപ്പിക്കുന്നു.



മലയാള നിരൂപണത്തിലെ സൗമ്യശബ്ദമായിരുന്നെങ്കിലും ശക്തമായ നിരീക്ഷണ സാന്നിദ്ധ്യമായിരുന്നു **പ്രൊഫ. എസ്. ഗുപ്തൻനായർ.** പ്രശസ്ത അധ്യാപകനും ഭാഷാ സ്നേഹിയുമായിരുന്ന എസ്. ഗുപ്തൻനായരുടെ സ്മരണയ്ക്കു മുന്നിൽ എ. കെ. പി. സി. ടി. എ യുടെ ആദരാഞ്ജലികൾ.



ഇരമല്ലിക്കര ശ്രീ അയ്യപ്പാ കോളജിൽ ഇംഗ്ലീഷ് വിഭാഗം പ്രൊഫസറായിരുന്ന **ശ്രീ ആർ. രാജശേഖർ** നിര്യാതനായി. അദ്ദേഹത്തിന് എ.കെ.പി.സി.ടി.എ യുടെ ആദരാഞ്ജലികൾ.



ഫാറൂഖ് കോളജ് സുവോളജി അധ്യാപകനും ഗ്രന്ഥകാരനും ഗവേഷകനുമായിരുന്ന **ഡോ. ഇ.എ.എ ഷുക്കൂറിൻെറ** സ്മരണയ്ക്കു മുന്നിൽ എ.കെ.പി.സി.ടി.എ ആദരാജ്ഞലികൾ അർപ്പിക്കുന്നു.

# KOTHARI VERSUS CABE:

## FROM ACADEMIC AUTONOMY TO FINANCIAL AUTONOMY

**Thomas Joseph**
President AKPCTA
President AIFUCTO

**India's dream of becoming a knowledge super power by 2020 will be a mirage unless there is simultaneous quantitative and qualitative expansion of education at every level, including higher education.**

### Kothari Commission Report

The decision of the U.G.C. to implement the report of the Central Advisory Board of Education (CABE) on the Autonomy of Higher Education Institutions (2005) has given a new dimension to the debates on autonomous colleges. Hither to, even those who opposed autonomous colleges had little complaints about the basic policy framework, based largely on the Kothari Commission Report (1966). The commission had taken a comprehensive view on the autonomy of higher education institutions, and had conceptualized its operation at three different levels as follows:

1. *Autonomy within a university, eg. autonomy of the departments, colleges ,teachers and students in relation to the university as a whole;*
2. *Autonomy of a university in relation to the university system as a whole, eg., autonomy of one university in relation to another ,or in relation to the UGC and the Inter University Board (IUB)*
3. *Autonomy of the university system as a whole ,including the UGC and the IUB , in relation to agencies and influences emanating outside the system ,the most important of which are the central and the state governments.*

Autonomous colleges were conceived as a subsystem within the larger affiliating system. Autonomous colleges enjoyed a greater degree of academic freedom in comparison with non-autonomous colleges in the system. The objective was to give greater room for academic innovations in admission, designing of courses and conduct of examinations:

*"Where there is an outstanding college or a small cluster of very good colleges within a large university which has shown the capacity to improve itself markedly, consideration should be given to granting it an autonomous status. This would involve the power to frame rules of admissions, to prescribe its courses of study, to conduct examinations and so on. The parent university's role will be one of general supervision and the actual conferment of the degree".*

It was clear that autonomy was limited to academic matters. The universities had to facilitate and supervise the working of autonomy. There was no agenda for dismantling the affiliating system. The financial and administrative implications of the scheme were only marginal.

## New Policy on Education

But the conceptual position underwent some changes in the New Policy on Education (NPE, 1986). While Kothari had conceived autonomous colleges as a subsystem with in the affiliating system, the NPE conceived it as a devise for dismantling the affiliating system, which was projected as the root of all evil in higher education. The NPE stated:

*"In view of the mixed experiences with the system of affiliation, autonomous colleges will be helped to develop in large numbers until the affiliating system is replaced by free and more creative association of universities with colleges".*

The UGC document on the Xth Plan profile of higher education went a step further:

*"The only safe and better way to improve the quality of undergraduate education is to de-link most of the colleges from the affiliating structure. Colleges with academic and operative freedom are doing better and have more credibility. The financial support to such colleges boosts the concept of autonomy. It is proposed to increase the number of autonomous colleges to spread the culture of autonomy, and the target is to make 10 % of the eligible colleges autonomous by the end of the plan"*

UGC resorted to selective and differential funding to promote the implementation of the new policy on autonomy. An institution identified as autonomous and a centre of excellence is now entitled to a support worth Rs 1.72 crore. An institution that is not autonomous but accredited by the National Assessment and Accreditation Council gets Rs 70 lakh. An institution that has the potential for academic excellence but has neither autonomous status nor accreditation gets only Rs 35 lakh.

The NAAC was entrusted with the task of promotional propaganda for autonomy. Extracts from NAAC Reports on SB College, Chenganacherry and Devamatha College, Kuravilangad could illustrate the technique of indiscriminate promotion of autonomy undertaken by NAAC peer teams. Extract from the NAAC report on SB College:

*"The academic excellence of the college can be further enhanced by gaining autonomous status for the college from the UGC. This will enable the college to offer a highly flexible and much broader range of subjects for the students to choose from. Having volunteered to be accredited by NAAC, the college should now strive for autonomy to give vent to its innovative and dynamic academic urge"*

Extract from NAAC Report on Devamatha College:

*"Current trends in education demand both redefining and restructuring of courses and curricula. To succeed in this, the college needs to have academic autonomy, which it does not enjoy now as an affiliated institution. The management and the college authorities have to approach the appropriate agencies to secure autonomous status."*

SB College was given five star accreditation and Devamatha, only three star accreditation. Irrespective of star and style, both were advised to seek autonomy.

## Poor Performance

Despite such efforts, there has been little enthusiasm in the establishment of autonomous colleges. So far, only 197 have been set up. This lack of interest in autonomy has been attributed to two reasons. Though autonomous colleges did enjoy some amount of de-facto administrative and financial autonomy, the entrepreneurial lobby in education has never been fully satisfied with the extent of autonomy available to autonomous colleges. UGC guidelines on the scheme of autonomous colleges have so far been largely based on the model of academic autonomy conceived by Kothari. The latest guidelines (2003) have confined autonomy to the following areas:

- to determine its own courses of study and syllabi;
- to prescribe rules of admission, subject to the reservation policy of the state governments;
- to evolve methods of evaluation and to conduct examination;
- to achieve higher standards and greater creativity;
- to promote national integration; and
- to ensure accountability of the institution and its members.

The entrepreneurial lobby showed little interest in academic autonomy that provided little room for administrative and financial exploits. The academic lobby on the other hand was put off by the poor performance of autonomous colleges, documented by several authentic studies. The following extracts from case studies conducted by the UGC task force on autonomous colleges (1984) are illustrative:

**Loyola College, Madras:**

*"Students gave expression to the feeling that even their genuine criticisms have not been appreciated by the authorities. Some of the teachers also felt there was considerable regimentation in the college and greater freedom could be given to them in designing the courses and conducting their programmes. It therefore appears to be necessary that the authorities of the college make a definite departure from the rigid discipline enforced by them and allow, reasonable democratic procedures to govern the activities in the college"*

**Vivekananda College, Madras:**

*"It was found that some of the fundamental topics relating to the syllabi prescribed for the courses have not been covered at the undergraduate level"*

*"Theoretically there has been machinery for listening to the appeals from the students regarding review of the internal assessment. But this machinery does not appear to have been put to meaningful use."*

Madras Christian College, Tambaram:

*"Some of the students really felt that there has been some victimization from certain members of the staff on account of the fact that they perhaps out of their exuberance, questioned the authorities on certain vital matters relating to the college".*

**General Evaluation and Recommendation:**

*The committee is of the opinion that all the three colleges have done their best in the working of autonomy, in spite of the fact that there have been several problems of several nature as well as special problems relating to each of them in this regard. Any impartial observer who looks at the working of the colleges finds that there is erosion of discipline both at the staff level and at the student level. It is not as if all the demands of the staff and the students are unreasonable. The committee recommends that autonomy can be continued for all the three colleges with the stipulation that there should be periodical review say once in three years.*

**If colleges are given institutional autonomy, it is very likely that they will end up as copy cats conducting ready-to-serve courses promoted by multinational for-profit Universities. Instead of innovation, imitation will become the norm. Instead of equity, exploitation will thrive.**

NIEPA's study on autonomous colleges (1987) came out with the finding that while teachers were involved in decision making process relating to academic matters, administrative and financial maters were restricted to administrative authorities. Attempts to refashion course content were strongly influenced by the on going pattern of courses in the country. But for some changes here and there diversification of courses and course combinations mainly conformed to traditional forms and thus efforts towards excellence had fallen short of desired levels.

"Autonomous and Non- autonomous colleges- Selected Case Studies" by K Sudha Rao and others (1995) presented case studies of five colleges, four autonomous and one non-autonomous. The four autonomous colleges were Madras Christian college, Chennai (urban and co-educational); Stella Mary's college, (Chennai urban and exclusively for women); Sri Parasakthi college, Courtallam (rural and exclusively for women) and St. Joseph's college, Tiruchi (urban, exclusively for men at UG level and co-educational at PG level). The non-autonomous college was Bishop Heber College, Tiruchi (urban and for men only). The authors concluded that the non-autonomous college in this study was ``in no way inferior to the autonomous col-

leges." All the five colleges studied in this project were in Tamil Nadu and they were all affiliated to the University of Madras. They were all found to be outstanding colleges, with or without the scheme of autonomy.

## Autonomy under LPG

Despite such large scale criticism about the actual performance of autonomous colleges, there was no let up in the official promotion of autonomy. The ideology of Liberalization, Privatization and Globalization (LPG) which has become the guiding principle of governance since early nineties has given further fillip to official patronage of autonomy in all its forms. The denigration of higher education as a non-merit good and the prescription for self-financing in education have pushed up the prospects of autonomy as an important instrument in the Structural Adjustment Programme (SAP). The Report of the CABE Committee on the Autonomy of Higher Education Institutions (2005) has filled up the policy gaps in the neo-liberal practices in higher education institutions. The report has systematically sidelined the concept of academic autonomy mooted by Kothari Commission and has put financial autonomy at the centre stage of the new perspective on autonomy.

Following are some of major financial recommendations in the Report on the Autonomy of Higher Education Institutions.

*Since full public financing of higher education to manage growth and diversity within the context of overall funds constraints is no longer possible, universities and colleges have to search for alternate funding sources and identify new ways of diversifying resources.*

*All institutions should have autonomy in deciding the fee structure for different courses in consultation with state government. Mechanism for providing grant-in-aid towards meeting operating expenses by the funding agencies in respect of government and government-aided institutions should be such that it encourages the institutions to fix their fees at realistic levels and promote internal resource generation. The internal resources generated by an institution should, however, not be adjusted with any other grants and institutions should be allowed to use it exclusively for developmental purposes.*

*In respect of self-financing institutions/courses in government and government-aided institutions, it is desirable that fees are kept at levels which meet the actual cost of imparting education and create some reasonable surplus which should be utilized for up gradation of infrastructure and facilities without allowing commercialization. All institutions should be required to adopt certain disclosure standards with a view to containing malpractice in relation to fees.*

*Higher education institutions should generate internal resources. The scheme of the UGC for promoting internal generation of resources should be made more broad based and be re-designed so as to provide financial incentives for overall performance of the institution against objectively defined parameters that may be captured through the performance radars mechanism. Allocation for such financial incentives based on performance should be enhanced significantly.*

*Higher education institutions should be given complete autonomy to undertake consultancy assignments and sponsored research projects. Each institution may develop its own rules for the purpose. Such rules may also define the mechanism for sharing and utilizing income from such projects.*

*Deliberations on General Agreement on Trade in Services (GATS) is engaging the attention of the Government of India and this is going to have significant implications for the system of higher education in India. The Government of India may finalize its recommendations in this regard in consultation with UGC and other statutory bodies dealing with professional and technical education.*

The above recommendations relating to the financing of higher education in the CABE Report on Autonomy of Higher Education Institutions pertain to areas beyond the terms of reference the committee. The recommendations made by the CABE Committee on Financing of Higher and Technical Education(2005), which had the mandate to make recommendations in this regard, are at variance with the above recommendations. The report of the Committee on Financ-

ing recommends a proactive role for the Government in financing higher education and warns against the machinations of the entrepreneurial lobby in higher education. One of the positive recommendations in the CABE Committee Report on Autonomy is that of linking autonomy with accountability. It has recommended enlarging and strengthening democratic structures in institutional governance for ensuring transparency at the level of decision making and implementation. Even so, the conceptualization of accountability in the report appears to be limited and narrow. It confines accountability to the institutional level .The report, unlike the report on financing , ignores larger public accountability of higher education institutions, which has to take care of equity and provide for social auditing.

## Selective Implementation of CABE Recommendations

The UGC appears to be in a hurry to selectively implement the controversial recommendations of the committee on Autonomy of Higher Education Institutions. In a meeting held on 18th November, 2005 the UGC has approved in principle the implementation of the recommendations of the CABE on autonomy. The UGC has sought suggestions of institutions/academics/stakeholders in higher education **for the effective implementation of the entire recommendations**. At the same time the UGC has shown little interest in the positive recommendations of the CABE Committee on Financing. There is no attempt even to reconcile the contradictions in the two reports. MHRD and the UGC would certainly do nothing detrimental to the neo-liberal agenda in higher education.

It is obvious that the proactive role taken by Kamal Nath, the Minister for Commerce in pushing through the agreement on the trade in services at the Hong Kong Ministerial of WTO has had the support of the both MHRD and the UGC. The initial commitment for global trade in higher education has been made at Hong Kong. The Hong Kong call to achieve . "a progressively higher level of liberalization" and to "intensify the negotiations" is highly detrimental to the interests of equity in higher education. Especially harmful is the new agreement on *"plurilateral"* negotiations. This *"plurilateral"* approach would undermine the flexibility that developing nations enjoyed earlier. A large number of major economic powers operating in unison could now coerce weaker nations into making offers to their requests. Such offers to such requests have now become mandatory. The endorsement of "sectoral and modal approach" have in effect brought, through the back door, "benchmarking" and "targets" opposed by developing countries. The Hong Kong Ministerial has also decided in favour of further liberalization in Mode 3 i.e. "commercial presence" category of trade in service, which is a euphemism for FDI in a large range of services from banking and insurance to health and education. The aggressive commitments made by India in higher education sector will progressively bring greater and greater obligations under Market Access and National Treatment which will lead to the eventual dismantling of the subsidized system of higher education in the country.

## Quality Education for All

Equitable development of any nation in the emerging knowledge economy is linked up with massive acquisition and distribution of knowledge, which has emerged as the most important capital input in production. Universalization of excellence in higher education is a necessary precondition for success in the competitive global scenario. The Geneva conference of UNESCO (2004) put forward the slogan of 'quality EDUCATION FOR ALL YOUNG PEOPLE' in this context. India's dream of becoming a knowledge super power by 2020 will be a mirage unless there is simultaneous quantitative and qualitative expansion of education at every level, including higher education. The Planning Commission's document **India Vision 2020** states as follows:

*"Our vision of India in 2020 is predicated on the*

*belief that human resources are the most important determinants of overall development....full development of India's enormous human potential would require a shift in national priorities, to commit a greater portion of the country's financial resources to education sector. India currently invests 3.2 to 4.4 percent of GNP on education. This compares unfavorably with the upper middle income (UMI) reference level of 4.9 percent; especially with countries such as South Africa which invests 7.9 percent of GNP on education .A near doubling of investments in education is the soundest policy for quadrupling the country's GDP per capita". The vision document further says: "India in 2020 must be a nation in which all those who aspire for higher education have access to college and university level courses".*

To act in accordance with the above formulation, we have to radically revise the elitist and exclusionary concept of autonomy mooted by the CABE. We need to promote both quantitative and qualitative expansion of higher education simultaneously. This would not only necessitate a higher allocation of public resources for higher education, but also equitable and need based distribution of resources among a large number of institutions. The policy of selective funding of a few institutions by labeling them as autonomous colleges, deemed universities, centres of excellence etc.should be reviewed. The policy of identifying autonomy with self-sustainability will be disastrous for India's future. What we need are not individual self–sustaining institutions. We need the country to become self-sustaining. This can be done only by educationally empowering the vast majority of our teeming millions.

India today is one of the youngest countries in the world. 54% of the country's population belong to the below 25 age group. In 2020, the average Indian will be only 29 years of age, compared with 37 in China and the United States, 45 in Western Europe and 48 in Japan. This means that for the next few decades, India will have a better ratio of working population, compared with other aging countries in the West. This scenario is pregnant with great potential for development. The higher the share of workers to non-workers, the larger the surplus available for productive investment. This window of opportunity can be productively exploited only if we take immediate steps to educationally empower the entire young generation of the country. For a nation with more than 26% of its population still living below poverty line, any system of education that denies access to the large majority at all levels can not only be socially divisive ,but economically suicidal as well.

The question we face today is not whether we should follow the affiliating system which was abandoned by Britain 150 years ago or accept the autonomous system adopted by Britain 150 years ago. We need to identify the system that is likely to promote our educational requirements for the next two or three decades. At present, individual colleges in the country do not have adequate academic expertise and infrastructure to face global academic challenges and their managements have little social commitment to withstand global commercial temptations. If such colleges are given institutional autonomy, it is very likely that they will end up as copy cats conducting ready-to-serve courses promoted by multinational for-profit Universities. Instead of innovation, imitation will become the norm. Instead of equity, exploitation will thrive. In the present context, it would be more meaningful to experiment with the concept of "Cluster of Colleges"; a proposal originally mooted by Kothari Commission and now being tried out in West Bengal with financial assistance from U.G.C. The advantage is that it could ensure optimum utilization of available expertise and infrastructure. Such clusters could have linkages with local research establishments. The clusters could jointly start new courses in emerging areas with minimum additional investment by sharing expertise and infrastructure available in different colleges. It could also promote the concept of healthy academic co-operation as an antidote to global commercial collaboration.

എ.കെ.പി.സി.ടി.എ

# ജനകീയ വിദ്യാഭ്യാസ കൺവെൻഷൻ

**മുനിസിപ്പൽ ഠൗൺഹാൾ, എറണാകുളം**
**2006 ഫെബ്രുവരി 1**

### ആഗോള വിദ്യാഭ്യാസ സംഗമം മുതലാളി മാർക്കുവേണ്ടി മാത്രം: വി എസ്

കേരളസമൂഹത്തിനോ വിദ്യാഭ്യാസ മേഖലയ്ക്കോ ഒരു ഗുണവും ചെയ്യാത്ത ഏതാനും മുതലാളിമാർക്കുവേണ്ടി മാത്രം സംഘടിപ്പിക്കുന്നതാണ് ആഗോള വിദ്യാഭ്യാസ സംഗമമെന്ന് പ്രതിപക്ഷ നേതാവ് വി. എസ്. അച്യുതാനന്ദൻ പറഞ്ഞു. എറണാകുളം ടൗൺഹാളിൽ ബുധനാഴ്ച എ കെ പി സി ടി എ സംഘടിപ്പിച്ച ജനകീയ വിദ്യാഭ്യാസ കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഭരണം തീരാൻ രണ്ടരമാസം മാത്രമുള്ളപ്പോൾ വേണ്ടപ്പെട്ടവർക്ക് പരമാവധി ചെയ്തുകൊടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് മേള. പേരിൽ വിദ്യാഭ്യാസമുണ്ടെങ്കിലും വിദ്യാർത്ഥികൾക്കോ അധ്യാപകർക്കോ സ്ഥാനമില്ല. ഏതുപാവപ്പെട്ടവനും ഉന്നതവിദ്യാഭ്യാസം സാധ്യമാക്കുംവിധമുള്ള സംവിധാനമാണ് ഈ നാടിനാവശ്യം. ഇവിടെയുണ്ടായിരുന്ന സർക്കാർ എയിഡഡ് കോളജുകൾ മികച്ച നിലയിൽ തങ്ങളുടെ കർത്തവ്യം നിറവേററിയിരുന്നു. അതുകൊണ്ടാണ് കേരളം വിദ്യാഭ്യാസ രംഗത്ത് മികവു കാട്ടിയത്. ഇവയെ കാലത്തിനനുസരിച്ച് മെച്ചപ്പെടുത്തേണ്ടതിനു പകരം കച്ചവടക്കാരെ തുറന്നുവിടുന്നതിന്റെ ഫലം ജനങ്ങൾ അനുഭവിക്കുകയാണ്.

സ്വാശ്രയ മാനേജുമെന്റുകൾ വഞ്ചിച്ചുവെന്നാണ് ആന്റണി ഇപ്പോൾ കരഞ്ഞു നടക്കുന്നത്. അങ്ങനെയെങ്കിൽ സർക്കാരിനെ വഞ്ചിച്ച മാനേജ്മെന്റിനെതിരെ ഒന്നും ചെയ്യാതിരിക്കുകയും ഗതിമുട്ടി സമരത്തിനിറങ്ങിയ വിദ്യാർത്ഥികളെയും യുവാക്കളെയും തല്ലിച്ചതയ്ക്കുകയുമാണോ ചെയ്യേണ്ടത്. വിദ്യാഭ്യാസത്തെ കച്ചവടച്ചരക്കാക്കുന്നതിന്റെ ഫലം ഇന്ന് ജനങ്ങൾ അനുഭവിക്കുകയാണ്. നാം ഒരിക്കലും കേൾക്കാനിഷ്ടപ്പെടാത്ത വാർത്തകളാണ് പല കാമ്പസുകളിൽ നിന്നും കേൾക്കുന്നത്. സ്വാശ്രയ വിദ്യാഭ്യാസം വരുത്തിവെക്കുന്ന സാംസ്കാരിക ജീർണ്ണത നാം വേണ്ട രീതിയിൽ ശ്രദ്ധിക്കുന്നില്ല - വി എസ് പറഞ്ഞു. ഈ വിരുദ്ധ നയങ്ങളുടെ തുടർച്ചയാണ് കൊച്ചിയിലെ പഞ്ചനക്ഷത്ര വിദ്യാഭ്യാസമേളയെന്നും വി എസ് അഭിപ്രായപ്പെട്ടു.




കൺവെൻഷനിൽ മുഖ്യപ്രഭാഷണം നടത്തിയ ഡോ. നൈനാൻ കോശി മേളയുടെ ലക്ഷ്യങ്ങളെ നിശിതമായി വിമർശിച്ചു. അധികാരത്തിൽ നിന്ന് പുറത്തുപോകുന്നതിന് മുമ്പ് വിദ്യാഭ്യാസ കച്ചവടം ആക്കിട്ട് ഉറപ്പിക്കുകയാണ് മേളയുടെ ലക്ഷ്യമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കച്ചവടക്കാർക്ക് കൂടുതൽ അധികാരം നല്കുന്ന കരാറുകൾ, വരുന്ന സർക്കാരിന് വലിയ പ്രശ്നങ്ങൾ തന്നെ സൃഷ്ടിക്കും. ഇത്



ഡോ. നൈനാൻകോശി



തോമസ് ജോസഫ്



ഡോ. പ്രസാദ്



പ്രതാപചന്ദ്രൻനായർ

സംബന്ധിച്ച് വിദ്യാഭ്യാസ മന്ത്രിയുടെയും വൈസ്ചാൻസിലർമാരുടെയും പ്രസ്താവനകൾ തെററിധാരണകൾ പരത്തുന്നതാണ്. സർവ്വകലാശാല സങ്കല്പങ്ങൾ തിരുത്തിക്കുറിക്കുന്ന നിലയിലാണ് കാര്യങ്ങൾ അവതരിപ്പിക്കുന്നത്. പാശ്ചാത്യ രാജ്യങ്ങളിൽപ്പോലും പ്രതിഷേധം ശക്തമാണ്. എന്നാൽ GATS ന് സർവ്വവിധ പിന്തുണയും ഇന്ത്യ നല്കുന്നുവെന്നാണ് ആശ്ചര്യകരം. സേവനങ്ങളുടെ വ്യാപാരം എന്ന നിലയിൽ കാര്യങ്ങൾ എത്തിയിരിക്കുന്നു. സേവനം, ഒരു സാമൂഹ്യ സാംസ്ക്കാരിക പ്രക്രിയയാണ് - അദ്ദേഹം തുടർന്നു.

കേരളത്തിലെ സർവ്വകലാശാലകളും കോളജുകളും ഒട്ടനവധി അടിയന്തര പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. എന്നാൽ അവയൊന്നും തന്നെ പരിഹരിക്കാതെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുമെന്നാണ് അവകാശപ്പെടുന്നത്. വിദ്യാഭ്യാസത്തിലെ State Holders ആരും തന്നെ ഈ മേളയിൽ പങ്കെടുക്കുന്നില്ലയെന്നതാണ് യാഥാർത്ഥ്യം. വിദേശ ഏജൻസികളുമായുള്ള കൊളാബറേഷൻ ഉണ്ടാകുമെന്ന് പറയുന്നുണ്ട്. ഉന്നതവിദ്യാഭ്യാസത്തിലെ Investment ഉം returns ഉം സംബന്ധിച്ച് മേളയുടെ രേഖയിൽ പരാമർശിക്കുന്നുണ്ട്. വിദ്യാഭ്യാസത്തെ ഒരു Economic activity യെന്നും വിശേഷിപ്പിക്കുന്നുണ്ട്. ഇവയൊന്നും മനസ്സിലാക്കാതെ വി സി മാർ നടത്തിയ പ്രസ്താവന അവരെ വിദ്യാഭ്യാസ കച്ചവടക്കാരുടെ കുഴലൂത്തുകാരായി മാററിയിരിക്കുന്നു - അദ്ദേഹം പറഞ്ഞു -

**ലോക വ്യാപാര സംഘടനയുടെ** തിട്ടൂരങ്ങൾക്കനുസൃതമായി കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖല ആഗോള വിദ്യാഭ്യാസം കച്ചവടക്കാർക്ക് തുറന്നുകൊടുക്കുകയാണ് മേളയുടെ ലക്ഷ്യമെന്ന് ഐഫക്ടോ പ്രസിഡന്റ് പ്രൊഫസർ തോമസ് ജോസഫ് അഭിപ്രായപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് കൊച്ചിൻ യൂണിവേഴ്സിററി വൈസ് ചാൻസിലരുടെ ലേഖനം വളരെ വിചിത്രമാണ്, അദ്ദേഹം ചൂണ്ടിക്കാട്ടി. സ്വാശ്രയ വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യനീതി കൈവരിക്കാമെന്ന് പുതിയ സിദ്ധാന്തമാണ് കൊച്ചിൻ യൂണിവേഴ്സിററി വി സി മുന്നോട്ട് വെക്കുന്നത്. കേന്ദ്ര സർക്കാർ കൊണ്ടുവന്ന 104-ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ അടിയന്തരമായി നിയമനിർമ്മാണം നടത്താനുള്ള നടപടികളാണ് കേരള സർക്കാർ കൈക്കൊള്ളേണ്ടത്. സ്വകാര്യ യൂണിവേഴ്സിററികളെയും വിദേശ യൂണിവേഴ്സിററികളെയും കേരളത്തിലേക്ക് കൊണ്ടുവരാനുള്ള നീക്കങ്ങളാണ് നടക്കുന്നത്. വരാൻ പോകുന്ന സർക്കാരിന് തലവേദന ഉണ്ടാക്കാൻ ഇടയുള്ള കരാറുകളിൽ എത്തിച്ചേരാൻ മേള ഇടയാക്കും - അദ്ദേഹം പറഞ്ഞു. 1957 ൽ ഭൂപരിഷ്ക്കാര നടപടികളിലൂടെ കേരളത്തിൽ സാമൂഹ്യ രംഗത്ത് മാററങ്ങൾ ഉണ്ടാക്കിയെങ്കിൽ 2006 ൽ അത് വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളിൽ കൂടിയാവണം. ഇതിനായി ദേശീയ തലത്തിൽ അംഗീകരിച്ചിട്ടുള്ള പതിനഞ്ചിനപരിപാടികൾ വ്യാപകമായി ചർച്ച ചെയ്യുകയും മററും വേണം. അറിവ് പങ്കുവെക്കുക, വികസനം പങ്കുവക്കുക എന്ന മുദ്രാവാക്യം ഈ കാലഘട്ടത്തിലെ വികസന വിദ്യാഭ്യാസ ലക്ഷ്യങ്ങളെ അനുസ്മരിപ്പിക്കുന്നതാണ് - അദ്ദേഹം പറഞ്ഞു.

എ കെ പി സി ടി എ ജനറൽ സെക്രട്ടറി പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ കൺവെൻഷനിൽ അദ്ധ്യക്ഷനായിരുന്നു. എ കെ ജി സി ററി ജനറൽ സെക്രട്ടറി ഡോ. ജെ. പ്രസാദ് സംഘാടക സമതി ചെയർമാൻ പി . എച്ച് . എം ഇസ്മയിൽ പ്രൊഫ. വി. സി ആന്റണി എന്നിവർ സംസാരിച്ചു.

# Contradictory Message from IEM 2006

The IEM 2006 has miserably failed in its stated objective of evolving a consensus on the agenda of repositioning Higher Education in Kerala. The academic and political leadership have spoken in different voices. There was consensus only on sharing their mutual distrust and in zealously guarding their respective turfs.

The policy paper drafted by the Vice Chancellors has called for increased financial support for higher education from the Government. On the contrary, Union Minister Vayalar Ravi who delivered the valedictory message stressed the need for resource mobilization from non-Government sources to sustain the higher education system. He categorically stated that it is difficult to stretch public resources beyond a point. While the Vice Chancellors wanted academic, administrative and financial autonomy to be granted to universities and colleges 'expeditiously', Chief Minister Oommen Chandy, in his online address, has recognized the need for wider consultations before taking such a drastic step, which is bound to have far reaching consequences in the state. While the Vice Chancellors have demanded 'prompt steps to enact necessary law to implement 104$^{th}$ constitutional amendment in Kerala', the Education Minister has made it clear that he would rather wait for the outcome of pending court cases on the issue. This in effect implies that no law would be enacted during the tenure of the present Government. While the Minister has been stressing the need for each individual institution to attract foreign students, the Vice chancellors want nothing less than "a new international university based in Kerala, with an international curriculum, international faculty and an international student body".

Even as the Vice Chancellors have demanded greater public funding for higher education, they have also sought freedom to raise and spend resources on their own .They want universities to be given freedom to charge higher fees from foreign students and students from high income group families, even without prior approval from the Government. They also want universities be allowed to affiliate self-financing courses on their own, without concurrence from Government. Freedom is also sought for outsourcing non-core activities and to device new schemes for raising revenue. With each university following its own criteria in all these matters, there would be no common norms applicable to the entire state. Such a scenario will not only lead to undue exploitation of students, but also weaken the degree of resistance to such exploitation. It is not clear whether the education Minister who read out the policy paper prepared by the Vice chancellors in the meet would concur with the demands for greater Government funds coupled with lesser Government control over the universities, even in financial matters. AKPCTA demanded that the Government issue a clarification in this regard.

The policy statement does not go deep into the issues confronting higher education in Kerala. There is nothing new about the proposal for universalizing educational opportunities or

improving the quality of education imparted in the state. Such recommendations are only a paraphrase of the UNESCO's Geneva Declaration (2004) on "Quality Education for All young People". It is not clear as to how substituting existing structures like Inter University Consultative Council (IUCC) with "Consortium of Universities in Kerala" or State Higher Education Council with "Independent Regulatory Body" will bring about qualitative changes in higher education. The Vice Chancellors do not appear to have pondered over the implications of the proposed structures on the academic autonomy of individual universities. The pettiness of power mongering Vice Chancellors comes through even while drawing the broad out lines of reform in the states' higher education in the form of a demand for the right to be consulted on the appointment of syndicate members. Another complementary demand in the same direction pertains to preventing syndicate members from becoming members of inspection teams constituted by the universities.

The Vice Chancellors have made no recommendations in regard to the democratization of the governance structures of the universities. They have no comments on the democratic rights of teachers and students, despite the fact the issue is being hotly debated at present. They have even refused to recognize the need for restoring tenure appointments in teaching posts, despite the fact a good number of permanent posts are lying vacant for the past few years. A total indifference to these vital issues confronting higher education in the state today is clear indication of their failure to understand that democratic rights of teachers and students and service conditions of the staff are pertinent to equity and excellence in higher education.

Given the peripheral nature of the recommendations in the policy document, AKPCTA President Prof. Thomas Joseph and General Secretary Prof. A. Prathapa Chandran Nair wondered whether the IEM has served any academic purpose. The meet has produced no tangible benefits. As such, the Government has simply wasted 2.5 crores. The meet could as well have been held in any of the universities, with better academic participation and lesser expenses. The leaders wanted the Government and the universities concerned to divulge the details of the MOUs signed during the meet.

## പ്രിൻസിപ്പലിനെതിരെയുള്ള അന്വേഷണം പ്രഹസനമാക്കരുത്

അനാശാസ്യ നടപടികളുടെ പേരിൽ സസ്പെന്റ് ചെയ്യപ്പെട്ട ഇരമല്ലിക്കര ശ്രീ അയ്യപ്പാ കോളജ് മുൻ പ്രിൻസിപ്പൽ എൻ. സുരേഷിനെ മാതൃകാപരമായി ശിക്ഷിക്കണമെന്ന് എ കെ പി സി ടി എ ആവശ്യപ്പെട്ടു. വിദ്യാർത്ഥികൾക്ക് ദുർമാതൃകയായ അദ്ധ്യാപകനെ പ്രിൻസിപ്പൽ സ്ഥാനത്ത് നിലനിറുത്താൻ അനുവദിക്കില്ലെന്നും അന്വേഷണം പ്രഹസനമാക്കാനും ശിക്ഷണ നടപടികൾ പിൻവലിക്കാനും ഉന്നതതലത്തിൽ നടക്കുന്ന ഇടപെടലുകളെ എ കെ പി സി ടി എ ശക്തമായി ചെറുക്കും.

AKPCTA

## കെട്ടിടഫണ്ട്

എ.കെ.പി.സി.ടി.എ സംസ്ഥാന കമ്മറ്റി ഓഫീസിന്റെ 3-ാം നിലയുടെ പണി ആരംഭിച്ചുകഴിഞ്ഞു. കെട്ടിടഫണ്ടിലേക്ക് ഇനിയും തുക അടയ്ക്കാത്തവർ (മെമ്പർ ഒന്നിന് 500 രൂപാ വീതം) എത്രയും പെട്ടെന്ന് ജനറൽ സെക്രട്ടറിയുടെ പേർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

**AKPCTA State Committee Office, Mathurbhoomi Road, Vanchiyoor, Thiruvananthapuram-35, Phone: 2463494, Fax: 0471-2468984, e-mail: akpcta@sancharnet.in,**

# AIFUCTO letter to NIEPA against implementation of GATS in Higher Education

To

Dr. Sudanshu Bhushan, HEAD, HEU, NIEPA

## NIEPA QUESTIONNAIRE ON GATS REQUEST- OFFER

NIEPA's questionnaire on request-offer has been prepared against the background of the WTO ministerial in Hong Kong, which has committed India to trading in education under the GATS regime. The presumption behind the present exercise is that there is basic consensus on the decision taken at Hong Kong to make commitments in education under GATS and that we need to only undertake a SWOT analysis to decide on the details of the sectors, pace and extent of commitments to be made. AIFUCTO does not subscribe to the above view. We still hold fast to the traditional Indian view that education is not a commodity to be traded in the market, either domestic or foreign. The traditional view is part of our constitutional mandate, reiterated in several Supreme Court judgments. The Indian Parliament has not sanctioned trading in education. The Hong Kong commitments are without constitutional, judicial and parliamentary mandate.

AIFUCTO is also of the opinion that opening up education under GATS is injurious to our national interests. The Hong Kong call to achieve "a progressively higher level of liberalization" and to "intensify the negotiations" is highly detrimental to the interests of equity in higher education. Especially harmful is the new agreement on *"plurilateral"* negotiations. The *"plurilateral"* approach would undermine the flexibility that developing nations enjoyed earlier. A large number of major economic powers operating in unison could now coerce weaker nations into making offers to their requests. Since reciprocity is ingrained in plurilateralism, the Indian effort at making specific requests for lifting all barriers to the export of Indian education will have repercussions with regard to the import of educational services, with its attendant perilous impact on access and research. More over, exodus of teachers on a large scale will impact our development negatively. Shortage of teachers in engineering, medical education, management and other sectors has already put our education system under great stress. The endorsement of "sectoral and modal approach" have in effect brought, through the back door, "benchmarking" and "targets" opposed by developing countries. The Hong Kong Ministerial has also decided in favour of further liberalization in Mode 3 i.e. "commercial presence" category of trade in service, which is a euphemism for FDI in a large range of services from banking and insurance to health and education. The aggressive commitments made by India in higher education sector will progressively bring greater and greater obligations under most Favoured Nation Treatment, Market

Access and National Treatment which will lead to the eventual dismantling of the subsidized system of higher education in the country.

A sustainable agenda for higher education in India has to address the concerns of equity and excellence. It is necessary to go beyond the goal of universal primary and secondary education. We should provide "quality education for all young people" as declared by the Geneva Conference of the UNESCO (2004). There should also be provision for adult and continuing education which would help people to update their knowledge and skills so that they could participate in the economic and social life and live healthy and meaningful lives even in old age. The curriculum at all stages should also be reinvented to inculcate in the learner the personal and societal qualities conducive to sustainable development. This would require a revision of funding strategies to impart quality higher education to all those who have the intellectual competence and aptitude for scholarly pursuits. Though the system of Indian higher education, with more than 17000 institutions imparting education to more than one core young people and employing more than 4.5 lakh teachers, is the second largest in the world, the enrolment ratios in India at 7% of the relevant age group compares unfavorably with more than 80% in most of the developed countries, more than 50% in developed countries taken together and more than 20% in most of the developing countries. Most of the developed countries have achieved their present status by sustaining a heavily subsidized system of higher education over a long period. India, with more than 26 % of its population living below poverty line, cannot hope to enlarge enrolment to the desirable levels unless the Government invests more and more at all levels of education, including higher education. The promise of investing 6% of the GDP on education still remains a pipe dream. Even as public investment needs to be supplemented by private investment, the executive, the judiciary and the legislative must embark on a proactive role in setting up a proper regulatory frame work for ensuring a more equitable ,democratic and participatory system of education in private institutions.

On the basis of the above understanding on the dynamics of Indian higher education, AIFUCTO refuses to become a party to the present parleys for fixing up the finer details of trade negotiations under GATS. We request all concerned to rescind the steps so far taken to include education under the GATS regime.

## Major Recommendations:

The Questionnaire/s 1 & 2 (Q1 & Q2) foreground analyses of Requests/Offers and Regulations. This may be seen in the context o presentation by Dr. Bhushan on various aspects of GATS. GATS clearly lays down the unconditional obligations in the areas: Art II: MFN; Art III: Transparency; Art IV: Domestic Regulations; Art VII: Recognition – all these Articles require total abrogation of all barriers to foreign service providers. It is also notable that though MA & NT are conditional yet all the nations mentioned here US, Australia, Japan, China, Norway, New Zealand seek unconditional MA & NT.

The other major aspects are: Australia wants MA & NT in all modes of supply for 'Private Education Services' – notable that others may not have mentioned clearly but the interest is the same to push private profiteers into India, so the dangers are oblivious (even today such operators are damaging to students' concern), and if allowed the situation will be irretrievable; China, Japan& others press: no restrictions on land requisition and repatriation of profits; US wants complete parity between foreign and domestic providers – removal of ENTs & LMTs ; US, Norway & others stress intra-corporate transferees and others be given licenses; individual service suppliers for 'fee' – so says Norway; Japan also seeks removal of all rules reg. closures: – abrogation of all limitations on MA & NT as is desired by Hong Kong China. These shall be highly deleterious to the whole Education Sector especially HE in India. So, no operation under any mode (I to IV) shall help India in allowing for-

# ALL INDIA CONVENTION ON EDUCATION

## 15 POINT AGENDA OF ACTION FOR THE CONSIDERATION OF CENTRAL AND STATE GOVERNMENTS AND OF THE PEOPLE AT LARGE.

In order to ensure quantitative, qualitative and inclusive development of education at all levels in accordance with the demands of emerging realities and to ensure the strengthening of secular, democratic, equitable and scientific ethos in the education system, this All India Convention on Education demands that a national commission on education must be constituted to review the entire system of education and proposes the following **15 point agenda of action for the consideration of Central and State Governments and of the people at large.**

1. **Universalise and ensure implementation of the right to Early Child Care and Education.** Upgrade existing anganwadis and set up similar structures wherever they do not exist. Link anganwadis with school system. Ensure free and compulsory education up to 14 years.
2. **Strive for common school system.** Ensure at least one state funded school within one kilometre radius, with mother tongue as medium of instruction. Only recognised school should be allowed. Recognition should be granted on the basis of constitutional principles of secularism, democracy and scientific temper. Keeping these principles in view, Right to Education Bill, 2005 should be amended.
3. **Education cess should be spent fully on state funded school education.** spend at least of 6% of GDP on education.
4. **Integrate vocational proficiency and practical skills** within the curriculum so as to develop work culture and employability.
5. **No self - financing courses in state funded higher educational institutions.** More state funded institutions with adequate infrasturcture with liberal freeships and scholarships. Introduce courses in new and emerging areas in state funded institutions. Expand state - funded technical and professional education. Provide adequate funds for research to respond to social needs and to defend independent and critical thinking.
6. **No foreign direct investment in education.**
7. **Enact central/state law to regulate fees, admission with reservations, curriculum,**

---

eign providers or allowing our entrepreneurs to go & merchandise Education. The whole GATS regime is fraught with dangerous consequences to : Constitution of India; various judgments of Supreme Court; Constitutional Provisions guiding our Domestic Regulations; Constitutional statutory bodies like UGC, AICTE and 16 others; access, equity, quality and allied features. Merchandising of Education by others and by India shall bring in dehumanization with irreparable consequences.

With regards,

V.K. Tewari

**infrastructural facilities, and salary and service conditions of staff of all unaided institutions including minority unaided institutions.**

8. **Autonomous status should not be imposed on colleges.**
9. **No private universities.** Existing private universities should seek affiliation as colleges. Scrap the deemed university status granted to private institutions. Bring back the earlier criteria for granting deemed universities status. Scrutinise all the deemed universities started in the last 4-5 years on the basis of earlier criteria.
10. **No privatisation and commercialisation of education.** Education should not be brought under GATS. Initial offers made by the Goverment of India should be withdrawn.
11. **Appoint regular teachers and non - teaching staff.** Abolish contract system.
12. No differential fee structure and no hike in fees in state - funded institutions. Ensure quality through greater state funding. Decrease the rate of interest on bank loans and provide bank loans without collateral.
13. **Democratise the entire system of education.** Election should be held for student unions, teachers' and non - teaching staff associations. Ensure elected representation of students, teaching and non - teaching staff in decision- making bodies.
14. **Funding should not be linked to assessment and accreditation.** Assessment should be transparent, democratic and participatory. It should be conducted state wise by state agencies.
15. **Strengthen academic relevance of higher education in accordance with the goals of national development.**

**Share knowledge , Share Development**
**Ensure sustainable development through quality education for all**

Compliments from

# ALEPH ENTERPRISES

Prathibha Junction, Kadappakada, Kollam - 691 008
Ph Off: 0474-2760960, 3090616, Mob: 9895040478
Resi: 0474 - 2740478, Fax: 0474 - 2744370
E-mail: alephenterprises@hotmail.com

**Importer of Raw Cashew and Exporter of Cashew Kernels**

മാതൃഭൂമി
2006 ഫെബ്രുവരി 16

# സാമ്പത്തികസ്വാതന്ത്ര്യം അടിയറ വെക്കുന്നു

കേന്ദ്രത്തിലെ ഐക്യപുരോഗമനസഖ്യ സർക്കാർ പൊതുമിനിമം പരിപാടിയിൽ നിന്നും ക്ഷേമരാഷ്ട്രസങ്കല്പത്തിൽ നിന്നും അതിവേഗം അകന്നുകൊണ്ടിരിക്കുകയാണ്. വിമാനത്താവളം, വൈദ്യുതി വിപണനം, എന്നിവയിലും മദ്യം, സ്ഫോടകവസ്തുക്കൾ, വിനാശകാരികളായ രാസവസ്തുക്കൾ, പ്രകൃതിവാതകക്കുഴൽ എന്നിവയുടെ നിർമാണത്തിലും മൊത്തവ്യാപാരത്തിലും നൂറുശതമാനം വിദേശനിക്ഷേപം അനുവദിച്ച് സർക്കാർ ഉത്തരവിറക്കി. സ്വകാര്യവത്കരണത്തിന്റെയും വിദേശനിക്ഷേപം അനുവദിക്കലിന്റെയും കാര്യം വരുമ്പോൾ സർക്കാർ ജനങ്ങളുടെ ക്ഷേമം മാത്രമല്ല, രാജ്യത്തിന്റെ സുരക്ഷിതത്വം, സംസ്കാരം എന്നിവയും പരിഗണക്കുന്നില്ലെന്ന് ഇതു തെളിയിക്കുന്നു. ഡൽഹി, മുംബൈ വിമാനത്താവളങ്ങളുടെ സ്വകാര്യവത്കരണത്തിനു തീരുമാനമെടുത്ത് ദിവസങ്ങൾക്കുള്ളിലാണ് നിലവിലുള്ള വിമാനത്താവളങ്ങളിൽ നൂറുശതമാനം വിദേശനിക്ഷേപം അനുവദിച്ച് സർക്കാർ വിജ്ഞാപനമിറക്കിയത്. ഇതോടെ രാജ്യത്ത് വിമാനത്താവളങ്ങൾ നിർമ്മിച്ചു പ്രവർത്തിപ്പിക്കാൻ വിദേശക്കമ്പനികൾക്ക് അവസരം ലഭിച്ചിരിക്കുന്നു.

ചെറുകിട വില്പനമേഖലയിൽ വിദേശനിക്ഷേപം അനുവദിക്കുന്നതിനുള്ള ചട്ടങ്ങളും വ്യവസായപ്രോത്സാഹനബോർഡ് പ്രഖ്യാപിച്ചു. കൽക്കരി, ലിഗ്നൈററ് ഖനനം, പെട്രോളിയം ഉത്പന്നങ്ങളുടെ വിപണനത്തിനുള്ള അടിസ്ഥാനസൗകര്യനിർമാണം, കാപ്പി,റബ്ബർ സംഭരണം എന്നിവയും നൂറുശതമാനം വിദേശനിക്ഷേപം അനുവദിച്ചിട്ടുള്ള മേഖലകളിൽ ഉൾപ്പെടുന്നു. പൊതുമേഖലയിൽ ഇനിയെന്തുണ്ട് എന്നതാവും ഈ തീരുമാനം രാജ്യസ്നേഹികളിലുയർത്തുന്ന ചോദ്യം. മദ്യനിർമാണത്തിലും നൂറുശതമാനം വിദേശനിക്ഷേപം അനുവദിക്കുന്നതിന് എന്തു ന്യായീകരണമാണ് സർക്കാരിനു നൽകാനുള്ളത്? രാജ്യത്ത് ഇപ്പോൾതന്നെ മദ്യത്തിന്റെയും വ്യാജമദ്യത്തിന്റെയും നിർമാണവും വിതരണവും ഭയാനകമാം വിധം വർധിച്ചുവരുകയാണ്. അതിന്റെ തിക്തഫലം അനുഭവിച്ചു കൊണ്ടിരിക്കുന്ന ഒട്ടേറെ വ്യക്തികളും കുടുംബങ്ങളുമുണ്ട്. ഈ സ്ഥിതിവിശേഷം നേരിടാൻ, ജനക്ഷേമത്തിൽ താത്പര്യമുള്ള വ്യക്തികളും സംഘടനകളും സമരവും പ്രചാരണവും നടത്തിക്കൊണ്ടിരിക്കെയാണ്, മദ്യമേഖലയും വിദേശനിക്ഷേപകർക്കായി തുറന്നുകൊടുക്കുന്നത്.

മദ്യംകൊണ്ടുള്ള കെടുതികൾ ഏറെ അനുഭവിക്കേണ്ടി വരുന്നത് പാവപ്പെട്ടവരും ഇടത്തരക്കാരുമാണ്. വിദേശനിക്ഷേപകർ ഈ രണ്ടുവിഭാഗക്കാരെയും പരമാവധി ചൂഷണം ചെയ്യാനുള്ള കച്ചവടതന്ത്രങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കാതിരിക്കില്ല. അവർ എല്ലാവരിലും മദ്യപാനശീലം വളർത്തി, ലാഭം കൊയ്യുമ്പോൾ നശിക്കുന്നത് കുടുംബങ്ങൾ മാത്രമല്ല, നാടിന്റെ സംസ്ക്കാരവുമായിരിക്കും. മദ്യത്തിന്റെ കാര്യത്തിൽ സർക്കാർ ഉദാരമായ നിലപാട് സ്വീകരിച്ചതുകൊണ്ടാണ്. ഇന്ത്യയിൽ മദ്യസംസ്കാരം വേഗം വളർന്നുവരുന്നത്. പാവപ്പെട്ടവരേറെയുള്ള ഒരു രാജ്യം, അവിടെ മദ്യപാനശീലം വളർന്നാൽ തകരുമെന്നറിയാവുന്നതുകൊണ്ടാണ്, രാഷ്ട്രപിതാവായ മഹാത്മാഗാന്ധി, മദ്യനിരോധനം നടപ്പാക്കുവാൻ ഇന്ത്യയെപ്പോലെ പററിയരാജ്യം ലോകത്തില്ല എന്നുപറഞ്ഞത്. നമ്മുടെ മഹാനഗരങ്ങളിൽ മാലിന്യത്തിന്റെ സ്ഥാനത്ത് ഐശ്വര്യം വരാനും ഗ്രാമങ്ങളിലെ എളിയ കുടുംബങ്ങളിൽ സുഖവും സമൃദ്ധിയും എത്താനും മദ്യനിരോധനം ആവശ്യമാണെന്ന് അദ്ദേഹം ഇന്ത്യൻ ഭരണാധികാരികളെ ഓർമിപ്പിച്ചിരുന്നു.

രാഷ്ട്രപിതാവിന്റെ പാരമ്പര്യം അവകാശപ്പെടുന്ന കക്ഷിയാണ് ഐക്യപുരോഗമസഖ്യസർക്കാരിനെ നയിക്കുന്നത്. മദ്യനിരോധനത്തിന് ഭരണാധികാരികൾ ശ്രമിക്കണമെന്ന് നമ്മുടെ ഭരണഘടനയുടെ മാർഗനിർദ്ദേശകതത്ത്വങ്ങളിൽ പറഞ്ഞിട്ടുണ്ട്. അതിനോടു പ്രതിബദ്ധത പുലർത്തുന്നുവെന്ന് പലവട്ടം കോൺഗ്ര

സ് പ്രഖ്യാപിച്ചിരുന്നു. എന്നിട്ടും ആ കക്ഷി നയിക്കുന്ന സർക്കാരിൽ നിന്ന് ഇങ്ങനെയൊരു തീരുമാനമുണ്ടായത് വലിയൊരു വൈരുധ്യമാണ്. മദ്യത്തിന്റെ ഉപയോഗം വർധിക്കാനിടയാക്കുന്ന നടപടികൾ എടുക്കാതിരിക്കാനുള്ള ധാർമിക ബോധമെങ്കിലും കേന്ദ്രസർക്കാരിനുണ്ടാകേണ്ടതായിരുന്നു. മദ്യവില്പന കൊണ്ടു ഭരണകൂടത്തിനുണ്ടാകുന്ന സാമ്പത്തികനേട്ടം അതുകൊണ്ട് രാജ്യത്തിനുണ്ടാകുന്ന ധാർമിക നഷ്ടവുമായി തട്ടിച്ചുനോക്കുമ്പോൾ നിസ്സാരമാണെന്നു പറഞ്ഞതും രാഷ്ട്രപിതാവുതന്നെയാണ്. ഉദാരീകരണലഹരിയിൽ മതിമറന്നുതുകൊണ്ടാവാം ആ നഷ്ടത്തെക്കുറിച്ച് കേന്ദ്രസർക്കാർ ആലോചിക്കാത്തത്. രാജ്യത്തിന്റെ പുരോഗതിയിൽ സ്വകാര്യമേഖലയ്ക്കും പങ്കുവഹിക്കാനാകും. എന്നാൽ സ്വകാര്യമേഖലമാത്രം മതി എന്നചിന്ത അപഹാസ്യവും അപലപനീയവുമാണ്. സ്വതന്ത്ര ഭാരതത്തിന്റെ ആദ്യകാല ഭരണകർത്താക്കൾ പൊതുമേഖലയുടെ പ്രാധാന്യം മനസ്സിലാക്കിയിരുന്നു. വിദേശശക്തികൾ നമ്മുടെ നാടുഭരിച്ചിരുന്നപ്പോൾ ഉണ്ടായ അനുഭവമോർത്താവാം, മർമപ്രധാനമായ മേഖലകളിൽ ഒരു കാരണവശാലും വിദേശനിക്ഷേപം അനുവദിക്കേണ്ടതില്ലെന്ന് അവർ തീരുമാനിച്ചത്.

മുൻഭരണാധികാരികൾ പൊതുമേഖലയിൽ വൻകിടസ്ഥാപനങ്ങൾ ആരംഭിച്ചത് മഹത്തായ ലക്ഷ്യങ്ങളോടെയാണ്. അത്തരം സ്ഥാപനങ്ങൾ നല്ല തൊഴിലുടമകൾ ആയിരിക്കണമെന്നും വിലക്കയറ്റം തടയാനും ഗുണമേന്മയുള്ള ഉത്പന്നങ്ങൾ ജനങ്ങൾക്കു കൊടുക്കാനും അവയ്ക്കു കഴിയണമെന്നും അവർ ആഗ്രഹിച്ചു. അതു വലിയൊരളവിൽ സഫലമാകുകയും ചെയ്തു. പൊതുമേഖലാ സ്ഥാപനങ്ങൾ ജനങ്ങളിൽ ദേശീയബോധവും രാജ്യസ്നേഹവും വളർത്താനും ഉപകരിച്ചു. ഇവയെല്ലാം മറന്ന്, തന്ത്രപ്രധാനമായ മേഖലകളിൽപ്പോലും യു പി എ സർക്കാർ വിദേശ നിക്ഷേപം അനുവദിച്ചുകൊണ്ടിരിക്കുന്നു. പാർലമെന്റിനകത്തും പുറത്തും വിശദമായ ചർച്ചകൾ നടത്താതെ, ബജററവതരിപ്പിക്കാൻ ദിവസങ്ങൾ മാത്രം അവശേഷിക്കെയാണ് സർക്കാർ തീരുമാനമെടുത്തത്. അത് ജനാധിപത്യമര്യാദയ്ക്കോ സർക്കാർ വാഗ്ദാനം ചെയ്തിട്ടുള്ള ഭരണപരമായ സുതാര്യതയ്ക്കോ നിരക്കുന്നതല്ല. സ്വാർഥതാത്പര്യ സംരക്ഷണാർഥം ബാഹ്യശക്തികളും ലോബികളും നിർദേശിക്കുന്ന സാമ്പത്തിക പരിഷ്കാരങ്ങൾക്ക് അംഗീകാരം നൽകൽമാത്രമാണോ കേന്ദ്രസർക്കാരിന്റെ ദൗത്യം? ഈ പരിഷ്കാരങ്ങളിൽ മാനുഷിക മുഖമല്ല, കച്ചവടസംസ്ക്കാരത്തിന്റെ പൈശാചിക മുഖമാണ് കാണുന്നത്. രാജ്യത്തിന്റെ സാമ്പത്തിക സ്വാതന്ത്ര്യം വിദേശശക്തികൾക്ക് അടിയറവെക്കുന്നവർക്ക് കാലം മാപ്പുനൽകുകയില്ല.


# THE PAPPINISSERI CO - OPERATIVE RURAL BANK LTD.

**No. F. 1321**

**H.O. Kalliasseri. Ph: 2780728, 2780138**

**P.O. Kalliasseri, Kannur Dist.**

| BRANCHES | PHONE | BRANCHES | PHONE |
| --- | --- | --- | --- |
| Kalliasseri | 2780728 | Bakkalam | 2780228 |
| Parassinikkadavu | 2780170 | Mankadavu | 2782170 |
| K.Kannapuram | 2866264 | Pappinisseri Railway Gate (Evening) | 2787072 |
| Pappinissei | 2787284 | Bakkalam (Evening) | 2782328 |

**A fully Computerised class 1 Special Grade Bank.**
**Working Capital Rs. 61 Crore**

Your Satisfaction our mission

President
**Choorikkadan Narayanan**

Secretary
**T. Kunhabdulla**

**അനുസ്മരണം**

# ഡോ. പി.കെ.രാജൻ

**ഡോ. എം. ദേവകുമാർ**

*എസ്.എൻ.കോളജ്, ശിവഗിരി, വർക്കല*



അമൃത എക്സ്പ്രസ്സിൽ നിന്ന് ഒററപ്പാലം സ്റേറഷനിൽ ഇറങ്ങുമ്പോൾ, കാൽ വഴുതിയുണ്ടായ ദുരന്തത്തിൽ നമുക്ക് നഷ്ടമായ ഡോ. പി.കെ. രാജൻ നൊമ്പരപ്പെടുത്തുന്ന ഒരു ഓർമ്മയായി അവശേഷിക്കുകയാണ്.

ദുരന്തമുണ്ടായ നിമിഷം വരെയും തന്റെ കർമ്മരംഗത്ത് ശ്രദ്ധേയമായിരുന്ന ഒരു സാന്നിദ്ധ്യമായിരുന്നു അദ്ദേഹം. സാമൂഹ്യ പ്രതിബദ്ധതയുടെ തലത്തിൽ, സ്വതന്ത്രമായ ചിന്തകളുടെ കാര്യത്തിൽ, ഇടതുപക്ഷ കാഴ്ചപ്പാടുകളിലധിഷ്ഠിതമായ മാനവസ്നേഹത്തിന്റെ കാര്യത്തിൽ ഒക്കെ സമാനതകളില്ലാതിരുന്ന അദ്ദേഹം സാധാരണക്കാരിൽ സാധാരണക്കാരനായിരുന്നു. ബുദ്ധിജീവികൾ സമൂഹത്തിൽ നിന്ന് അകന്നുപോയ്ക്കൊണ്ടിരിക്കുന്ന ആധുനിക കാലത്ത്, സാധാരണക്കാരന്റെ വികാരവും വിചാരവും പങ്കിടുന്ന, അവന്റെ ദുഃഖങ്ങളും വേദനകളും തിരിച്ചറിയുന്ന ഒരു മനുഷ്യസ്നേഹിയായിരുന്നു അദ്ദേഹം. അതുകൊണ്ടാണ് ഒരു വലിയ അക്കാദമിക സുഹൃത്‌വലയത്തിന്റെ കണ്ണിലുണ്ണിയാകാൻ അദ്ദേഹത്തിന് സാധിച്ചത്. സിന്റിക്കേററ് അംഗം, വൈസ്ചാൻസലർ, ജീവിതാന്ത്യം വരെ അദ്ധ്യാപകൻ - ഇത് അദ്ദേഹത്തിനു മാത്രം കഴിയുന്ന നേട്ടമാണ്; ജീവിതശൈലിയാണ്. എഴുത്തുകാരനും, പ്രബന്ധകാരനും, വാഗ്മിയുമായിരുന്ന അദ്ദേഹം എഡിററു ചെയ്തിരുന്ന "ലിററ്ക്രിററ്" എന്ന ഗവേഷണ ജേർണൽ അതിന്റെ പീരിയോഡിസിററി നിലനിർത്തിയിരുന്നത്, ഔദ്യോഗിക തിരക്കിനിടയിലും അതിന് അദ്ദേഹം അത്രകണ്ടു പ്രാധാന്യം നൽകിയിരുന്നതുകൊണ്ടായിരുന്നു. ദേശീയ/ അന്തർദേശീയ സെമിനാറുകൾ മുതൽ സംഘടനാ യോഗങ്ങൾ വരെയുള്ള വേദികളിൽ തന്റെ കാഴ്ചപ്പാടുകൾ സുവ്യക്തമായി അവതരിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ പാടവം ഒന്നുവേറെ തന്നെയായിരുന്നു. അക്കാദമിക രംഗത്ത് ഇതൊക്കെ സമഗ്രമായ സംഭാവനകൾ തന്നെയാണ്.

മുൽക്ക്‌രാജ് ആനന്ദിനെ കുറിച്ച് ഗവേഷണ പ്രബന്ധം തയ്യാറാക്കുകയും പിൽക്കാലത്ത് അത് പുസ്തകമാക്കി പ്രസിദ്ധപ്പെടുത്തുകയും ചെയ്തപ്പോൾ, അന്നുവരെ ആനന്ദിനെക്കുറിച്ചുണ്ടായിരുന്ന കാഴ്ചപ്പാടുകൾ തിരുത്തി എഴുതപ്പെടുകയായിരുന്നു. ഗാന്ധിയൻ തത്വചിന്തകൾ ആഴത്തിൽ സ്വാധീനിക്കപ്പെട്ടിരുന്ന ആനന്ദ്, മാർക്സിന്റെ "റൈററിംഗ്സ് ഓൺ ഇന്ത്യ"വായിച്ചുവെന്നും അങ്ങനെ ഇടതുപക്ഷ ചിന്തകൾ അദ്ദേഹത്തെ സ്വാധീനിച്ചുവെന്നും പി. കെ. രാജൻ കണ്ടെത്തി. ശക്തമായ ഈ രണ്ട് ഇസങ്ങൾക്കിടയിൽപ്പെട്ട്, പൂർണ്ണമായി ഗാന്ധിയനോ, മാർക്സിയനോ ആകാൻ കഴിയാതെ ഉഴലേണ്ടി വന്നതാണ് ആനന്ദ് അഭിമുഖീകരിച്ച ഏററവും വലിയ സമസ്യയെന്ന് അദ്ദേഹം ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടാണ് ആനന്ദ് സൃഷ്ടിച്ച കഥാപാത്രങ്ങൾക്ക് ഗാന്ധിയൻ ആദർശങ്ങളോടോ മാർക്സിയൻ ആശയങ്ങളോടൊ, പൂർണ്ണമായി കൂറുപുലർത്താൻ കഴിയാതിരുന്നത് എന്നാണ് അദ്ദേഹത്തിന്റെ വിവക്ഷ. ഇസങ്ങൾക്കിടയിൽപ്പെട്ട് നട്ടം തിരിയുന്ന കഥാപാത്രങ്ങൾ സമൂഹത്തിന്റെ പരിഛേദമാണെങ്കിൽ കൂടി, അത് ഇത്തരം ഒരു "ഡയലമ" യുടെ സൃഷ്ടികളാണ് എന്ന് ചൂണ്ടിക്കാണിച്ചത് രാജൻ മാത്രമായിരുന്നു. അതിനോടു വിയോജിപ്പു പ്രകടിപ്പിക്കുന്ന ഗവേഷണ പ്രബന്ധങ്ങൾ പില്ക്കാലത്തു പുറത്തു

വന്നെങ്കിലും, അദ്ദേഹത്തിന്റെ കാഴ്ചപ്പാട് മൗലികമായ ഒന്നുതന്നെയായിരുന്നു എന്ന കാര്യത്തിൽ രണ്ടഭിപ്രായമുണ്ടായിരുന്നില്ല. പി.കെ. രാജന്റെ ഗവേഷണ പ്രബന്ധം ശ്രദ്ധേയമായതും ഇക്കാരണം ഒന്നുകൊണ്ടുതന്നെയായിരുന്നു.

ഇടതു പക്ഷ ചിന്തകരുടെ ശ്രദ്ധ അദ്ദേഹത്തിലേക്ക് തിരിയുന്നത് മറ്റൊരു അവസരത്തിലായിരുന്നു. പ്രീഡിഗ്രി ബോർഡ് സമരം നടക്കുന്ന കാലം പി.കെ. രാജന്റെ സ്വതന്ത്രമായ കാഴ്ചപ്പാടുകളും വിശദീകരണങ്ങളും വിശകലനങ്ങളും തികച്ചും ഇരുത്തം വന്ന ഒരു അക്കാദമിക ചിന്തകന്റേതാകുകയും അത് ഇടതു പക്ഷ വീക്ഷണങ്ങൾക്ക് ശക്തി സ്രോതസ്സാകുകയും ചെയ്തു.

അദ്ധ്യാപനം എന്നും അർപ്പണ ബോധത്തോടെ നിർവഹിക്കേണ്ട ഒരു പ്രവർത്തിയാണ്. ഒരു സർവ്വകലാശാലയുടെ പാഠാധികാരിയുടെ പദവിയിൽ നിന്ന് ഒരു അദ്ധ്യാപകന്റെ തൊഴിലിലേക്ക് സന്തോഷത്തോടെ മടങ്ങി വന്ന ഡോ പി കെ രാജൻ അദ്ധ്യാപക സമൂഹത്തിനു തന്നെ മാതൃകയാകുന്നത് അതുകൊണ്ടാണ്.

അടുത്ത പത്ത് വർഷത്തേക്കുള്ള കേരള വികസന അജണ്ടക്ക് രൂപം നൽകുന്നതിന്, എ കെ ജി പഠന ഗവേഷണ കേന്ദ്രം സംഘടിപ്പിച്ചിരുന്ന പഠന കോൺഗ്രസ്സിലാണ് ഏററവും ഒടുവിൽ ശ്രീ രാജൻ ശ്രദ്ധേയനാവുന്നത്. സാമ്പത്തിക രംഗത്തെ മാറുന്ന സമവാക്യങ്ങൾ സ്വീകരിക്കാൻ നിർബന്ധിതമാവുമ്പോഴും അടിസ്ഥാന പരമായ ഇടതുപക്ഷ ആശയങ്ങൾ മാർഗ്ഗദർശനത്തിനായി നാം ഉയർത്തിപ്പിടിക്കണമെന്നതായിരുന്നു അദ്ദേഹം മുന്നോട്ടുവച്ച കാഴ്ചപ്പാട്. ആഗോളവൽക്കരണ കാലത്തെ വെല്ലുവിളികളെ നേരിടുമ്പോൾ, അത്തരം അടിസ്ഥാനപരമായ കാഴ്ചപ്പാടുകൾ നഷ്ടമായപ്പോഴൊക്കെ നമുക്ക് ഉണ്ടായതോ ഉണ്ടായേക്കുമായിരുന്നതോ ആയ പിഴവുകൾ നാം അക്കമിട്ട് വിലയിരുത്തിയിട്ടുള്ളതാണ്. കരിമണൽ ഖനനത്തിനും ഏകീകൃത സർവകലാശാല നിയമനത്തിനും ഒക്കെ എതിരേ പൊതു ജനരോഷം വളർത്തിയെടുക്കാൻ കഴിഞ്ഞത്, അത്തരം മൂല്യങ്ങൾ കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യമെന്തെന്ന് നമുക്ക് തിരിച്ചറിവ് പകർന്നു തരാൻ പി കെ രാജനെപ്പോലെയുള്ള പ്രതിഭാശാലികൾക്കു സാധിച്ചതുകൊണ്ടാണ്. ഏകീകൃത സർവ്വകലാശാലാ നിയമത്തെ സംബന്ധിച്ച്, കോളജ് അദ്ധ്യാപക സംഘടനയായ എ കെ പി സി ടി എ യുടെ ആഭിമുഖ്യത്തിൽ നടന്ന ഒരു ശില്പശാലയിൽ പി കെ രാജൻ മുന്നോട്ടുവച്ച ആശയം പരക്കെ അംഗീകരിക്കപ്പെട്ടിരുന്നു.

അക്കാദമിക മേഖലയിൽ മൗലികമായ ചിന്തകൾ പങ്കുവയ്ക്കാൻ കൂട്ടാക്കിയിട്ടുള്ള ഡോ പി കെ രാജന്റെ വേർപാട് ഒരു കനത്ത നഷ്ടമാണ് സാംസ്കാരിക കേരളത്തിനുണ്ടാക്കിയിരിക്കുന്നത്.


# പയ്യന്നൂർ കോ-ഓപ്പറേററീവ് റൂറൽ ബേങ്ക്

**ലിമിററഡ്; നമ്പർ എഫ്. 1234, പയ്യന്നൂർ ഫോൺ 04985 202662**
**സ്പെഷ്യൽ ഗ്രേഡ് ബേങ്ക് (കമ്പ്യൂട്ടറൈസ്ഡ്)**

## സുവർണ്ണ ജൂബിലി വർഷം 2006

**ബ്രാഞ്ചുകൾ** : പയ്യന്നൂർ 203004, കരിവെള്ളൂർ 260224, പെരുമ്പ 202801 (ഇടപാട് സമയം 9.30 മുതൽ 3.30 വരെ) കാങ്കോൽ 280238, രാമന്തളി 222115, കവ്വായി 203135, അന്നൂർ 205229, റെയിൽവേ ഗേററ് 205980, സ്വാമിമുക്ക് 280838 (ഇടപാട് സമയം 9.30 മുതൽ 3.30 വരെ) **ഈവനിംഗ് ബ്രാഞ്ചുകൾ** : പയ്യന്നൂർ 208361, കരിവെള്ളൂർ 260424 (വ്യാഴം അവധി), പെരുമ്പ 201024 (വെള്ളി അവധി) ( ഇടപാട് സമയം 2 മുതൽ 7.30 വരെ)

നിലവിലുള്ള വായ്പകൾക്ക് പുറമേ **ഭവന വായ്പ**, നിത്യ വരുമാനക്കാർക്ക് **ജൂബിലി കാഷ് ക്രഡിററ് വായ്പ**കൾ കൃത്യമായി തിരിച്ചടക്കുന്നവർക്ക് **പലിശ നിരക്കിൽ 1% ഇളവ്. സ്വർണ്ണ പണയ വായ്പയുടെ പലിശ കുറച്ചിരിക്കുന്നു.** ഇന്ത്യയിലെ പ്രധാന പട്ടണങ്ങളിലേക്ക് ഡ്രാഫ്ററ് നൽകുന്നു. ഹെഡോഫീസ് കെട്ടിടത്തിൽ 400 പേർക്ക് ഇരിക്കാവുന്ന കോൺഫറൻസ് ഹാൾ. പയ്യന്നൂർ, പെരുമ്പ, റെയിൽവേ ഗേററ് ബ്രാഞ്ചുകളിൽ ലോക്കർ സൗകര്യം.

*സേവനത്തിന്റെ പാതയിൽ അര നൂററാണ്ട്*

**പ്രവർത്തന മൂലധനം 70 കോടി രൂപ**


**പി.വി. കുഞ്ഞപ്പൻ (പ്രസിഡന്റ്) 9895624265** **വി. കുഞ്ഞികൃഷ്ണൻ (സെക്രട്ടറി) 9447973187**

# പ്രതിഷേധ മാർച്ച്

## 2006 ഫെബ്രുവരി 4




കൊച്ചിയിൽ ഫെബ്രുവരി 4ന് ആരംഭിച്ച ആഗോള വിദ്യാഭ്യാസ സംഗമം - 2006 ന് എതിരെ കേരള വിദ്യാഭ്യാസ സമതിയുടെ ആഭിമുഖ്യത്തിൽ വമ്പിച്ച പ്രതിഷേധ മാർച്ച് സംഘടിപ്പിക്കുകയുണ്ടായി. സംഗമവേദിയായ കൊച്ചിയിലെ ലെ മെറിഡിയൻ ഹോട്ടലിന് മുമ്പിൽ ദേശിയ പാതയിൽ സംഘടിപ്പിച്ച പ്രതിഷേധമാർച്ചിൽ എ കെ പി സി ടി എ, എ കെ ജി സി ററി , കെ എസ് ടി എ, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് എന്നീ സംഘടനകളിലെ പ്രവർത്തകർ പങ്കെടുത്തു. എറണാകുളം നെട്ടൂരിൽ നിന്ന് ആരംഭിച്ച മാർച്ച് സമ്മേളനവേദിക്ക് ഇരുന്നൂറ് മീററർ മുമ്പ് ഐ എൻ ററി യു സി ജംഗ്ഷനിൽ പോലിസ് തടഞ്ഞു. തുടർന്ന് ദേശീയ പാതയിൽ കുത്തിയിരിപ്പ് സമരം നടത്തി. മാർച്ച് ഐഫ്ക്ടോ പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫ് ഉത്ഘാടനം ചെയ്തു. കെ എസ് ററി എ ജനറൽ സെക്രട്ടറി ശ്രീ കെ. എ. ചന്ദ്രൻ, എ കെ ജി സി ററി പ്രസിഡന്റ് പ്രൊഫ. കെ കെ വിശ്വനാഥൻ, പരിഷത്ത് മുൻ പ്രസിഡന്റ്, പ്രൊഫ. പി കെ രവീന്ദ്രൻ, എ കെ പി സി ടി എ ജനറൽ സെക്രട്ടറി പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ തുടങ്ങിയവർ സംസാരിച്ചു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്ന് എ കെ പി സി ടി എ നേതൃത്വത്തിൽ കോളജ് അദ്ധ്യാപകരുടെ വമ്പിച്ച പങ്കാളിത്തം പ്രതിഷേധ മാർച്ചിലുണ്ടായിരുന്നു. എറണാകുളത്ത് സംഘടിപ്പിച്ച ജനകീയ വിദ്യാഭ്യാസ കൺവെൻഷനും (ഫെബ്രുവരി -1) പ്രതിഷേധ മാർച്ചും (ഫെബ്രുവരി 4) ആഗോള വിദ്യാഭ്യാസ സംഗമത്തിന്റെ വിദ്യാഭ്യാസ വിരുദ്ധ അജണ്ട പൊതുസമൂഹത്തിൽ അവതരിപ്പിക്കാൻ എ കെ പി സി ടി എ ക്ക് ഒരളവോളം സാധിച്ചു.





## അനുഭാവ ധർണ്ണ

കെൽട്രോൺ കൗണ്ടേഴ്സ് പ്രവർത്തനം തുടങ്ങുക പൊതുമേഖല നശീകരണ നയം തിരുത്തുക. പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കെൽട്രോൺ കൗണ്ടേഴ്സ് സംരക്ഷണസമിതി നടത്തുന്ന അനിശ്ചിതകാല സത്യാഗ്രഹത്തിന് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് എ.കെ.പി.സി.ടി. എ പ്രവർത്തകർ സെക്രട്ടറിയേററിന് മുന്നിൽ നടത്തിയ ധർണ്ണ

# സെമസ്ററർ പരീക്ഷകൾ എം ജി വാഴ്സിററി അട്ടിമറിക്കുന്നു:

പി ജി കോഴ്സുകളുടെ സെമസ്ററർ പരീക്ഷകൾ എം ജി സർവകലാശാല അട്ടിമറിക്കുകയാണ്. 2005 ജൂലൈ 21 ന് ആരംഭിച്ച എം എ, എം എസ് സി, എം കോം കോഴ്സുകളുടെ പരീക്ഷകൾ അനന്തമായി നീളുകയാണ്. മൂന്നുപ്രാവശ്യം മാററിവെച്ച ശേഷം ഫെബ്രുവരി 22 ന് എം. എ, എം എസ് സി പരീക്ഷകൾ നടക്കുമെന്നാണ് സർവകലാശാല ഇപ്പോൾ അറിയിച്ചിട്ടുള്ളത്. എം. കോം പരീക്ഷാ തീയതി തീരുമാനിച്ചിട്ടില്ല.

നാലാം സെമസ്റററിൽ പഠിക്കുന്നവരുടെ ഒന്നാം സെമസ്റററിന്റെ ഫലം പോലും പൂർണമായി പ്രഖ്യാപിക്കാൻ കഴിയാത്തതാണ് പരീക്ഷകൾ മാററിവയ്ക്കാൻ കാരണം. അൺ എയ്ഡഡ്, ഓഫ് കാമ്പസ് വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണയം എയ്ഡഡ് മേഖലയിലെ അധ്യാപകരെക്കൊണ്ട് നടത്താൻ ശ്രമിക്കുന്നതാണ് ഫലപ്രഖ്യാപനം വൈകിക്കുന്നത്.

പരീക്ഷാതീയതി നിരന്തരം മാററുന്നതുമൂലം പി ജി ക്ളാസുകൾ ചിട്ടയായി നടത്താനാകുന്നില്ല. ഡിഗ്രി ഫലങ്ങൾ 2005 മേയിൽ പുറത്തുവിട്ട് പി ജി പഠനം കാര്യക്ഷമമാക്കാൻ ലഭിച്ച അവസരം എം ജി സർവ്വകലാശാല നഷ്ടമാക്കി.

അൺ എയ്ഡഡ്, ഓഫ് കാമ്പസ് വിദ്യാർത്ഥികളുടെ ആയിരക്കണക്കിന് ഉത്തരക്കടലാസുകൾ സർക്കാർ, എയ്ഡഡ് മേഖലയിലെ ചുരുക്കം അധ്യാപകരെ കൊണ്ട് മൂല്യനിർണയം ചെയ്യിക്കുന്നത് അവസാനിപ്പിച്ച് എയ്ഡഡ് - അൺ എയ്ഡഡ് മേഖലകൾ വേർതിരിച്ചുള്ള നടപടികൾ സർവകലാശാല സ്വീകരിക്കണം.

ഇതിനുപകരം സിലബസുകളുടെ നിലവാരം കുറച്ചും പേപ്പറുകളുടെ എണ്ണം കുറച്ചും മൂല്യനിർണയത്തിന്റെ വിശ്വാസ്യത തകർത്തും എയ്ഡഡ് കോഴ്സുകളെ അനാകർഷകമാക്കാനാണ് സർവകലാശാല ശ്രമിക്കുന്നത്. ഇതുവഴി സ്വദേശി വിദേശി വിദ്യാഭ്യാസ കച്ചവടക്കാർക്ക് അവസരമൊരുക്കുകയാണ്.

കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗം ആഗോളനിലവാരത്തിലെത്തിക്കാൻ ശ്രമിക്കുന്നതിനോടൊപ്പം എം ജി സർവകലാശാല പി ജി സെമസ്ററർ പരീക്ഷാ നടത്തിപ്പിലെ വീഴ്ചകൾ പരിഹരിക്കാനും ശ്രമിക്കണമെന്ന് എ കെ പി സി ടി എ ആവശ്യപ്പെടുന്നു.

# സ്വകാര്യ കോളജുകളുടെ പൊതു ആസ്ഥികൾ
## ആദ്യകാല മൂലധന സമാഹരണം

എ കെ പി സി ടി എ കോട്ടയം ജില്ല അക്കാദമിക് കമ്മിററിയുടെ പഠന റിപ്പോർട്ടിൽ നിന്ന്

**എ. കെ. പി. സി.ടി. എ കോട്ടയം ജില്ലാ അക്കാദമിക് കമ്മിററി കോട്ടയം ജില്ലയിലെ നാല് പ്രമുഖ സ്വകാര്യ കോളജുകളിലെ ആദ്യകാല വിഭവസമാഹരണം സംബന്ധിച്ച് പഠനം നടത്തുകയുണ്ടായി. ചങ്ങനാശ്ശേരി എസ്. ബി. കോളജ്, കോട്ടയം സി. എം. എസ്. കോളജ്, ചങ്ങനാശ്ശേരി എൻ. എസ്. എസ്. കോളജ്, പാല സെൻറ്തോമസ് കോളജ് എന്നീ കോളജുകളെയാണ് പഠന വിധേയമാക്കിയത്. ഈ കോളജുകളിലെ ആദ്യകാല പൊതുനിക്ഷേപം സംബന്ധിച്ച് സമാഹരിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു. പിൽക്കാല നിക്ഷേപത്തെ സംബന്ധിച്ചുള്ള പഠനംകൂടി പൂർത്തിയാക്കി സമ്പൂർണ്ണ പഠനരേഖ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.**

### സി എം എസ് കോളജ് കോട്ടയം

- കേണൽ മൺറോയുടെ താല്പര്യപ്രകാരം മീനച്ചലാറിന്റെ തീരത്ത് കോളജ് സ്ഥാപിക്കാനാവശ്യമായ സ്ഥലവും കെട്ടിടം നിർമ്മിക്കാനാവശ്യമായ 500 രൂപയും റാണി ലക്ഷ്മിഭായി നല്കി.
- 1817 ൽ റാണി പാർവതീഭായി കോളജിന്റെ നിർമ്മാണത്തിനായി 1000 രൂപ നല്കി.
- 1818 ൽ കെട്ടിടനിർമ്മാണത്തിന് പണത്തിന്റെ വൈഷമ്യം നേരിട്ടപ്പോൾ 20000 രൂപ നൽകി.
- 1819 ൽ കോളജിന്റെ നടത്തിപ്പ് ചിലവുകൾക്കായി കൊല്ലത്തിനടുത്ത് കല്ലടയിൽ രണ്ടായിരം ഏക്കർ സ്ഥലം തിരുവിതാംകൂർ രാജവംശം ദാനം നൽകി.
- 1825 ൽ മികച്ച ലൈബ്രറിയ്ക്കും ലബോറട്ടറിയ്ക്കുമായി വിദേശത്തുള്ള ചർച്ച് മിഷണറി സൊസൈററി ബൈബിൾ സൊസൈററി മുതലായവരുടെ കാര്യമായ സംഭാവന ലഭിച്ചു.
- 1839 ൽ റസിഡന്റിന്റെ ഖജനാവിൽ നിന്ന് 60 ഏക്കറോളം വരുന്ന സ്ഥലത്ത് കെട്ടിടം പണിക്കായി 9156 രൂപ നല്കി.
- 1881 ൽ കോളജ് ലൈബ്രറിക്ക് പുസ്തകം വാങ്ങാനായി വിശാഖം തിരുനാൾ മഹാരാജാവ് 1000 രൂപ നല്കി.
- ഈ കാലത്തെല്ലാം കോട്ടയത്തെ ഉദാരമതികളായ ആളുകൾ ധനസമാഹരണത്തിന് സഹായിച്ചിട്ടുണ്ട്.

### എസ് ബി കോളജ് ചങ്ങനാശ്ശേരി

- 1896 ൽ ചങ്ങനാശ്ശേരി ബിഷപ്പായിരുന്ന ചാൽസ് ലവീണ് "വെടിക്കുന്ന്" എന്നറിയപ്പെട്ടിരുന്ന പതിനഞ്ചേക്കറോളം വരുന്ന സ്ഥലം സ്വകാര്യ വ്യക്തികളിൽ നിന്ന് സമ്പാദിക്കുന്നു.
- 1922 ൽ കൊല്ലം ബിഷപ്പ് ഡോ. ബൻസിഗറിന്റെ 15000 രൂപയുടെ സംഭാവന.
- പായിക്കാട് ഗീവർഗീസ് ദേവസ്യ എന്ന ഉദാരമതിയോട് 3000 രൂപ വാങ്ങുന്നു.
- 150 കുട്ടികളെ 80 രൂപ ഫീസ് ഈടാക്കികൊണ്ട് ചേർക്കുന്നു. ശമ്പളം കഴിച്ചുള്ള തുക കെട്ടിടം പണിയ്ക്കായി ഉപയോഗിക്കുന്നു.
- 1924 ൽ തിരുവിതാംകൂർ ദിവാൻ രാഘവയ്യ 1500 കണ്ടി തേക്ക്തടി കെട്ടിടനിർമ്മാണത്തിനായി ദാനം ചെയ്യുന്നു.

- ആധുനിക ലബോറട്ടറികൾക്കായി പണം ശേഖരിക്കുന്നു.
- 1925 ൽ റീജണൽ ദിവാൻ മോറിസ് വാട്സ് 77000 രൂപ ഗ്രാന്റായി അനുവദിക്കുന്നു.
- ഭൗതിക സാഹചര്യം ഒരുക്കുന്നതിന് പൊതുസമൂഹത്തിന്റെ ഉദാരമായ സംഭാവനകൾ മാച്ചിംഗ് ഗ്രാന്റായും മററും
- ശാസ്ത്ര സാങ്കേതിക പ്രദർശനങ്ങളിലൂടെ ധനസമാഹരണം
- 1986 ലെ ബെനിഫാക്ടേഴ്സ് ക്ളബ്ബിന്റെ പ്രവർത്തനം ധനസമാഹരണത്തിന്. അംഗം ഒന്നിന് 5000 രൂപ മുതൽ 3000 രൂപവരെയുള്ള സംഭാവന

**എൻ എസ് എസ് ഹിന്ദുകോളജ് ചങ്ങനാശ്ശേരി**

- 1121 ൽ (കുംഭം) ചങ്ങനാശ്ശേരിയിൽ എൻ എസ് എസ് ഹെഡ്ഢാഫീസിനോട് ചേർന്ന 17 1/2 ഏക്കർ സ്ഥലം നായർ സർവീസ് സൊസൈററിയെ ദിവാൻ ഏല്പിക്കുന്നു.
- ഇതോടൊപ്പം 3 ലക്ഷം രൂപയുടെ സഹായവും ലഭിക്കുന്നു.
- 1121 കന്നി 28ന് ചേർന്ന എൻ എസ് എസ് കൗൺസിൽ കോളജ് നിർമ്മാണത്തിനായി 10 ലക്ഷം രൂപ സമാഹരിക്കാൻ തീരുമാനിക്കുന്നു.
- ചങ്ങനാശ്ശേരി, തിരുവല്ല, കൊല്ലം തിരുവനന്തപുരം താലൂക്കുകളിൽ നിന്ന് ഓരോ ലക്ഷം രൂപവീതം
- ആദ്യ സംഭാവന കൊല്ലത്തെ കശുവണ്ടി വ്യവസായ പ്രമുഖനായ നാരായണ സ്വാമി റെഡ്യാരിൽ നിന്ന് 10000 രൂപ
- അതേ ദിവസം രണ്ടു മണിക്കൂർ കൊണ്ട് നാല്പതിനായിരം രൂപ ശേഖരിക്കുന്നു.
- പിരിവുകൾ ഊർജിത രൂപത്തിൽ
  - സമ്പന്നരായ ആളുകളിൽ നിന്ന്
  - കരയോഗങ്ങൾ വഴി ആളോഹരി ഒരു രൂപ വീതം
- 1121 മീനം 10ന് ഡോ. കെ പി പണിക്കർ 1500 രൂപ സംഭാവന നൽകുന്നു
- ഗവൺമെന്റിൽ നിന്നും ദേവസ്വം ബോർഡിൽ നിന്നുമുള്ള ഗ്രാന്റുകൾ സമാഹരിക്കുന്നു.
- നൂതന ആശയമായ ഉല്പന്ന പിരിവിലൂടെ 647906 രൂപ ശേഖരിക്കുന്നു.

**സെന്റ് തോമസ് കോളജ് പാല**

- കോളജിന് ആവശ്യമായ സ്ഥലം പാലയിലെ 2 കുടുംബങ്ങൾ ദാനമായി നല്കി. 90 ഏക്കർ നല്കിയതിൽ 25 ഏക്കർ കോളേജിന് ബാക്കി സ്വകാര്യമാക്കി.
- 23 വ്യക്തികൾ പതിനായിരം രൂപവീതവും ബാക്കി നിരവധിയാളുകൾ അതിൽ കുറഞ്ഞ തുകയും
- 1950 ൽ സംഭാവനയായി സമാഹരിച്ച തുക 23000 രൂപ
- ശ്രീമാൻ കെ വി തോമസ് സ്വന്തമായ പുസ്തകശേഖരം മുഴുവൻ കോളജ് ലൈബ്രറിക്കു നൽകി.
- ജീവനക്കാരിൽ നിന്ന് 20000 രൂപ വീതമുള്ള നിർബന്ധപിരിവ്
- കുട്ടികളുടെ കോഷൻ ഡിപ്പോസിററിലൂടെ സമാഹരിച്ച വലിയ തുകകൾ
- നിർമ്മാണത്തിന്റെ ഓരോഘട്ടത്തിലും ലഭിച്ച സംഭാവനകൾ.

# പോലീസ് അതിക്രമത്തിൽ പ്രതിഷേധം

ശമ്പളപരിഷ്കരണമുൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരളത്തിലെ ലക്ഷകണക്കിന് അദ്ധ്യാപകരും ജീവനക്കാരും നടത്തിയ പണിമുടക്ക് തകർക്കാൻ പോലീസിനെ കയറൂരിവിട്ട സർക്കാർ നടപടിയിൽ എ കെ പി സി ടി എ ശക്തമായി പ്രതിഷേധിച്ചു. ഒരു ലക്ഷത്തിലധികം അദ്ധ്യാപകരുള്ള പ്രസ്ഥാനത്തിന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയും നാലുലക്ഷത്തിലധികം വരുന്ന സംസ്ഥാന ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ഐക്യസമരപ്രസ്ഥാനത്തിന്റെ സംസ്ഥാന ചെയർമാനും കേരള വിദ്യാഭ്യാസ സമിതിയുടെ കൺവീനറുമായ എ കെ ചന്ദ്രൻ ഉൾപ്പെടെയുള്ള നേതാക്കളെ അതിക്രൂരമായി പോലീസ് മർദ്ദിച്ച സംഭവം ഒരു ജനാധിപത്യ രാജ്യവും വച്ചു പൊറുപ്പിക്കുകയില്ല. എ.കെ ചന്ദ്രൻ ഉൾപ്പെടെയുള്ള നേതാക്കളെ ആക്രമിച്ചപോലീസുകാരുടെ പേരിൽ മാതൃകാപരമായ നടപടിയെടുക്കണമെന്ന് എ കെ പി സി ടി എ ആവശ്യപ്പെട്ടു.

# മൊസാർട്ടിന് മരണമില്ല

**എം. എസ്. വസന്തകുമാർ**
*എസ്.എൻ.കോളജ്, കൊല്ലം*

വുൾഫ്ഗാങ് അമേദിയസ് മൊസാർട്ട് ജനിച്ചത് ജനുവരി 27ന് ആയിരുന്നു. 250 വർഷം മുമ്പ്. 1756ൽ ലോകത്തെ അംഗുലീപരിമിതമായ മഹാസംഗീതജ്ഞരുടെ നിരയിൽ മുമ്പനായ അത്ഭുതപ്രതിഭനായിരുന്നു മൊസാർട്ട്. വിശ്വൈക സംഗീതത്തിലെ ത്രിമൂർത്തികളായി നമ്മുടെ ചുണ്ടുകളിൽ "ബാച്ച്. ബിഥോവൻ, മൊസർട്ട്" എന്നാണ് ഓടിയെത്തുക. കഴിഞ്ഞ സഹസ്രാബ്ദത്തിലെ തന്നെ ആദ്യത്തെ 10 സാംസ്കാരിക പ്രതിഭകളിൽ മൊസാർട്ട് ഉണ്ട്. Mozart is like sweet sunshine എന്നാണ് ഒരു വിലയിരുത്തൽ

> സംഗീത ലിഖിതങ്ങളിലൂടെ കാലത്തെ അതിവർത്തിക്കുന്ന മൊസാർട്ട്, സ്വരാശ്വാസമായി മാനവരാശിയെ എന്നും അനുഗ്രഹിക്കും.

പാതിയോളം വിരിഞ്ഞു നിൽക്കവേ
ശ്രീ തിരണ്ട നിൻജീവിതം
വീണുപോകയാലെത്രയെത്രയോ
ഗാനതല്ലജം നഷ്ടമായ്!

മഹാകവി എം പി അപ്പന്റെ ഈ ശ്ലോകം ഷെല്ലിയെപ്പററിയാണ് എങ്കിലും, അകാലത്തിൽ പൊലിഞ്ഞുപോയ മററേവർക്കും ബാധകമായ ഉചിത സത്യമാണ് ഇതിന്റെ കാതൽ. ക്രിസ്തുദേവൻ മുതൽ ചങ്ങമ്പുഴ വരെ ഏറെ പേരുകൾ നാം അങ്ങനെ പറയുമ്പോഴും മുപ്പത്തി അഞ്ചാമത്തെ വയസ്സിൽ വിട പറഞ്ഞ മൊസാർട്ട് എന്ന പാടിത്തീരാത്ത സംഗീതജ്ഞൻ നമ്മുടെ വിശിഷ്ട ശ്രദ്ധയ്ക്ക് പാത്രീഭവിക്കുന്നു.



## സംഗീതജ്ഞന്റെ മകൻ

മൊസാർട്ട്ജനിച്ചത് ആസ്ത്രിയയിലെ സാൽസ്ബർഗിൽ ആയിരുന്നു. സാൽസ്ബർഗിലെ ആർച്ച് ബിഷപ്പിന്റെ കൊയർ ഗ്രൂപ്പ് ഡയറക്ടറായിരുന്ന (വൈസ് കപ്പെൽ മെയ്സററർ) ലെ പോൾഡ് മൊസാർട്ട് ആയിരുന്നു മൊസാർട്ടിന്റെ പിതാവ്. അന്നാ മറിയ ആയിരുന്നു മാതാവ്. ആ ദമ്പതികൾക്കുണ്ടായ

# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical, Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculture, Aquaculture, etc.

## COSMO BOOKS

HO: Round West
Thrissur- 680 001
Phone: 0487-2335292, 2335570
Fax: 0487- 2335642
E-mail: cosmobooks@asianetindia.com

Br. Al-Ameen Bldg
Rly.Station Link Road
Kozhikode- 673002
Ph:0495-2703487
Fax:0495-2700049
E-mail:cosmoclt@eth.net

Br. Press Club Road
Ernakulam
Kochi-682011
Ph:0484-2353818

ഏഴുമക്കളിൽ അഞ്ചുപേർ മരിച്ചുപോയിരുന്നു. ശേഷിച്ചവർ വുൾഫ്ഗാങ് അമേദിയസ് മൊസാർട്ടും സഹോദരിയായ നാനേളും. സംഗീതജ്ഞന്റെ മക്കളായ ഇവർ രണ്ടുപേരും സംഗീതവാസന പ്രകടിപ്പിച്ചു.

മൂന്നാമത്തെ വയസിൽ മൊസാർട്ട് ഒരു ക്ളേവിയറിൽ (സംഗീതോപകരണം) ശ്രുതിമീട്ടി. ജന്മസിദ്ധിയുടെ ഈ വിസ്മയാവഹമായ വിളയാട്ടം തൊട്ടിലിൽ കിടന്ന്കേട്ട പാട്ടിന് ശ്രുതി മൂളിയ ലതാമങ്കേഷ്കറിലും, ലോകം കണ്ടതാണ്. നാല് വയസ്സുമുതൽ മൊസാർട്ടിന് അച്ഛൻ സംഗീതശാസ്ത്രം ഓതിക്കൊടുത്തു തുടങ്ങി. ഒരു വർഷം കഴിയും മുമ്പ് തന്നെ കുഞ്ഞു മൊസാർട്ട് മന്ദ നൃത്തത്തിനിണങ്ങുന്ന സംഗീതം (Minute) മെനയാൻ തുടങ്ങി. അഞ്ച് വയസ്സ് തികഞ്ഞപ്പോൾ ഹാർപ്സികോഡും വയലിനും മൊസാർട്ടിന് വഴങ്ങി. കൗമാരത്തിൽ പിയാനോ വാദനത്തിൽ പ്രവീണനായി പൊതുകൺസർട്ടുകൾ നടത്തി. പിന്നെ അച്ഛൻ മക്കളെ രണ്ടുപേരെയും സാൽസ് ബർഗിന് പുറത്തുള്ള വിശാലമായ വിശ്വവേദികളിലേക്ക് കൊണ്ടുപോയി.



1762 മുതൽ സംഗീത വിരുന്നൊരുക്കി ആ സഹോദരങ്ങൾ അച്ഛനൊപ്പം മ്യൂണിക്കിലേക്കും യൂ



റോപ്പിന്റെ മററ് ഭാഗങ്ങളിലേക്കും യാത്ര ചെയ്തു. ബ്രസൽസിലും പാരീസിലും റൈൻലാന്റിലും അവർ സ്റേറജ് പെർഫോമൻസിൽ വ്യാപൃതരായി. ലണ്ടനിൽ എത്തിയപ്പോൾ 1763 മദ്ധ്യം ആയി. മൊസാർട്ടിന്റെ വയലിൻ - സിംഫണികൾ പ്രസിദ്ധീകൃത രചനകളായി. ലണ്ടനിൽവച്ച് ജെ സി ബാച്ചിനെ പരിചയപ്പെട്ടു. ആ പരിചയപ്പെടൽ സുദീർഘമായ സ്വാധീനമായി വളർന്നു. ജനീവ, ബേൺ തുടങ്ങിയ വിശ്വപ്രസിദ്ധകേന്ദ്രങ്ങളിൽ സംഗീതം ചെയ്ത മൊസാർട്ട് 1766 ൽ ആയിരുന്നു നാട്ടിൽ മടങ്ങിയെത്തിയത്.

നവീന സംഗീത രചനകളുമായി മൊസാർട്ടിന്റെ സംഗീത സഞ്ചലനം തുടർന്നു. 1769 ൽ ഇററലിയിൽ എത്തി. 60 പേർ അടങ്ങുന്ന ബൃഹത്തായ സംഗീത സംഘവുമായി റോം, മിലൻ, വെരോണ തുടങ്ങിയ ഇററാലിയൻ കേന്ദ്രങ്ങളിൽ അഭൂതപൂർവ്വമായ അനുഭൂതികൾ ജനഹൃദയങ്ങളിൽ നേടിച്ചുകൊണ്ട് മൊസാർട്ട് മുന്നേറി. പ്രസിദ്ധിപെററ സംഗീത രചനകളുടെ നാമങ്ങളിലൂടെ സഹൃദയന്റെ മനസ്സിന്റെ ആഴങ്ങളിലേക്ക് മൊസാർട്ട് കടന്നുകയറി. രണ്ടുവർഷം കടന്നുപോയി.

നാട്ടിൽ മടങ്ങിയ ശേഷം രണ്ടാമത്തെയും മൂന്നാമത്തെയും ഇററാലിയൻ സന്ദർശനങ്ങളിലൂടെ സിവിലിയൻ സദസ്സുകളെയും രാജസദസുകളെയും ദേവാലയവേദികളെയും മൊസാർട്ട് സംഗീത സാന്ദ്രമാക്കി.

സ്ററിംഗ് ക്വാർട്ടെററുകളും സിംഫണികളും രചിച്ച ആ സംഗീത തൂലിക നൂററാണ്ടുകൾ താണ്ടുവാനുള്ള ശക്തി സൗന്ദര്യങ്ങളോടെയാണ് അവ ഉതിർത്തുവിട്ടത്. 1775 ജനുവരിയിൽ റസിഡൻസ് തിയറററിലെ സ്വന്തം ഓപ്പേറയെ കുറിച്ച് മൊസാർട്ട് ഇങ്ങനെ എഴുതി. "തിങ്ങി നിറഞ്ഞ സദസ്സിന്റെ കയ്യടിയും ഹർഷാരവവും എന്തായിരുന്നുവെന്ന് പറഞ്ഞറിയിക്കാൻ എന്റെ വാക്കുകൾ അപര്യാപ്തമാണ്" മ്യൂണിക്കിലെ ഈ അനുഭവവുമായി മൊസാർട്ട് സാല്സ്ബർഗിലേക്ക് മടങ്ങി. കുർബാന സംഗീതത്തിന് നാടോടിഛവി പകർന്ന് മൊസാർട്ട് പുതുമ വരുത്തി. കെററിൽ ഡ്രം സ്ററിംഗിനൊപ്പം ഇതിനുവേണ്ടി അദ്ദേഹം ഉപയോഗിച്ചു.

## സംഘർഷങ്ങൾ

പാരീസിൽ വീണ്ടും എത്തിയത് 1777 ൽ ആയിരുന്നു. അലോഷ്യ എന്ന പെൺകുട്ടിയെ ഇഷ്ടപ്പെട്ടു. കലാകാരനായിരുന്ന ഫ്രിഡോലിൻവെബറുടെ രണ്ടാമത്തെ മകളായിരുന്നു അവൾ. അച്ഛൻ എതിർത്തതുകൊണ്ട് മൊസാർട്ടിന് പ്രണയസാഫല്യമുണ്ടായില്ല. 1778 ൽ അമ്മ മരിച്ചു. വൈയക്തികമായ സംഘർഷം മുററിനിന്ന ഈ കാലത്തും സംഗീതരചനയ്ക്കും ഉപാസനയ്ക്കും ഒരു കുറവും മൊസാർട്ട് വരുത്തിയില്ല.

പള്ളിസേവകൻ കൂടിയായി സാൽസ് ബർഗിൽ ജോലി ചെയ്തിരുന്ന മൊസാർട്ട് ആർച്ച് ബിഷപ്പുമായി പിണങ്ങേണ്ടി വന്നു. സംഗീതയാത്രകൾക്ക് പോകുന്ന മൊസാർട്ടിന്റെ സേവന അസാന്നിദ്ധ്യം ബിഷപ്പിനെ ചൊടിപ്പിച്ചിരുന്നു. 1777 ൽ തന്നെയായിരുന്നു ഈ പ്രശ്നവും. 1781 ൽ ഒരു സംഗീത പര്യടനം കഴിഞ്ഞെത്തിയ മൊസാർട്ടിനെ ആർച്ച് ബിഷപ്പ് അസഭ്യം പറഞ്ഞുവത്രെ! ബിഷപ്പിന്റെ മററൊരു സേവകൻ മൊസാർട്ടിനെ ചവിട്ടിപ്പുറത്താക്കി. അപമാനിതനായ മൊസാർട്ട് അങ്ങനെ പള്ളി സേവനം അവസാനിപ്പിച്ചു.

1782 ൽ അലോഷ്യയുടെ ഇളയ സഹോദരി കോൺസ്ററാൻസുമായി പ്രണയത്തിലായ മൊസാർട്ട് അവളെ വിവാഹം ചെയ്തു. ഇക്കാര്യത്തിലും അച്ഛൻ ഇടഞ്ഞു. മൊസാർട്ട് അത് വകവെച്ചില്ല.

## അവസാനകാലം

പിയാനോ പ്രകടനം കൊണ്ട് ആസ്വാദകരുടെ മനം കവർന്ന മൊസാർട്ടിന്റെ ജനപ്രീതി വർദ്ധിച്ചു. സാമ്പത്തിക നേട്ടം ഏറെയുണ്ടായി. ആരാധകരുടെ സ്നേഹാദരങ്ങൾ കൊണ്ട് മൊസാർട്ട് വീർപ്പുമുട്ടി. അച്ചടക്കമില്ലാതെ വരുമാനം ചെലവഴിച്ച മൊസാർട്ടിന്റെ രീതികളെ കൂടുതൽ വഷളാക്കുന്നതായിരുന്നു ഭാര്യ കോൺസ്ററൻഡിന്റെ സ്വഭാവം. വരുമാനത്തിലേറെ ചെലവഴിക്കാൻ തുടങ്ങിയപ്പോൾ മൊസാർട്ടിന് കടം വാങ്ങേണ്ടി വന്നു. മുമ്പത്തെപ്പോലെ ധാരാളം രചനകളുണ്ടാക്കാൻ മൊസാർട്ടിന് അവസാനവർഷങ്ങളിൽ കഴിഞ്ഞില്ല. എങ്കിലും എഴുതിയതത്രയും മാസ്ററർ പീസുകളായി. കടംവാങ്ങി ഭീമമായ ബാദ്ധ്യതകളുടെ മാസ്റററായും മൊസാർട്ട് മാറി.

1791 ൽ ആരോഗ്യം കുത്തനെ ഇടിഞ്ഞുപോയ മൊസാർട്ട് ശയ്യാവലംബിയായി. മൊസാർട്ടിന് ശത്രുക്കൾ വിഷംകൊടുത്തു എന്ന് പറച്ചിലുണ്ടായി. പിൽക്കാലത്ത് പീററർ ഷാഫറുടെ " അമേദിയസ്" എന്ന നാടകവും സിനിമയും തുടങ്ങി മൊസാർട്ടിന്റെ ജീവിതത്തെയും മരണത്തെയും സംബന്ധിച്ച് അസംഖ്യം കൃതികളുണ്ടായി. കുട്ടിക്കാലത്തുണ്ടായ വാതപ്പനിയുടെ ആഘാതമാണ് അകാലമരണത്തിലേക്ക് മൊസാർട്ടിനെ കൊണ്ടുചെന്നെത്തിച്ചത്. അതേ രോഗത്തിന്റെ ആവർത്തനമാണ് അന്തിമമായി ആ ജീവൻ കവർന്നതും.

1791 ഡിസംബർ 5ന് മരണപ്പെട്ട മൊസാർട്ടിന്റെ ശവസംസ്കാരത്തിന് ശവക്കുഴിതോണ്ടിയ ആൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. കടം കയറി പണമില്ലാതായവൻ പിണമായി ഒററപ്പെട്ടതിന്റെ കദനകഥയായി ത്തീർന്നു മൊസാർട്ടിന്റെ ജീവിതം. സെന്റ് മാർക്ക് സെമിത്തേരിയിൽ ഹൃദയം തകർന്ന ഭാര്യ കോൺസ്ററൻഡിനുപോലും എത്താനായില്ല.

## 250 -ാം ജന്മദിനം

മൊസാർട്ടിന്റെ സംഗീതകൃതികൾ ഏറെയും മരണം വരെ അച്ചടിച്ച് പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ലായിരുന്നു. ജീവിച്ചിരുന്ന കാലത്ത് ശരാശരിക്കാരായ യൂറോപ്യൻമാർ മൊസാർട്ടിനെ അറിയാത്ത ദുരവസ്ഥയും ഉണ്ടായിരുന്നു. പക്ഷെ പിന്നീട് ആരാദ്ധ്യ പ്രഭനായി ചരിത്രത്തിലൂടെ മൊസാർട്ട് വളർന്നു. "മൊസാർട്ട് ഇഫക്ട്" (അഥവാ മൊസാർട്ടിനെ കേൾക്കുന്നതിലൂടെ കൈവരുന്ന മാനസികരോഗ്യ ഉന്നതിയും, ദത്തശ്രദ്ധാപ്രാവീണ്യവും ഓർമ്മശക്തിയും) സൃഷ്ടിക്കുന്ന സ്രോതസ്സായി ആ രചനകൾ മാറി. ലോകൈക ശാസ്ത്രജ്ഞൻ അൽബർട്ട് ഐൻസ്ററൻ മൊസാർട്ടിന്റെ വയലിൻ രചനകൾ രംഗത്തവതരിപ്പിച്ച് ഖ്യാതി നേടിയിട്ടുണ്ട്.

സെന്റ് മാർക്സ് ഗ്രേവിൽ അന്ത്യവിശ്രമം കൊള്ളുന്ന മൊസാർട്ടിന് അന്ത്യകൂദാശയ്ക്ക് ആളില്ലായിരുന്നുവെങ്കിലും 250 വയസ്സ് തികഞ്ഞപ്പോൾ മൊസാർട്ട് അത്ഭുതവീര്യതയോടെ ഉയിർത്തെണീററിരിക്കുന്നു. മൊസാർട്ടിന്റെ നാട്ടിലെ ഒരു ഡയറി ഫാമിൽ നിന്ന് മൊസാർട്ട് എന്ന പേരിൽ കട്ടിത്തൈര് ഇറക്കിയിരുന്നു. മതിയായില്ല, ഒരു മധുരപാനീയവും അതേനാമത്തിൽ തന്നെ! എന്തും വിററു കാശാക്കാൻ മനുഷ്യരെക്കഴിഞ്ഞേ ഉള്ളു ജന്മങ്ങൾ!

മൊസാർട്ടിന്റെ പര്യടന വഴികൾ പത്ത് യൂറോപ്യൻ രാജ്യങ്ങളിലെ 75 കേന്ദ്രങ്ങളെ ബന്ധിക്കുന്നവയാണ്. അവർ ഒത്തുചേർന്ന് മൊസാർട്ടിനെ ഓർക്കുന്ന പരിപാടികൾ നടത്തുന്നു! പ്രേഗിലെ മൊസാർട്ട് ഫെസ്ററിവൽ 2006 ൽ 150 സംഗീതപരിപാടികളും ലണ്ടനിലെ റോയൽ ഒപ്പേറ ഹൗസിൽ പ്രത്യേക പരിപാടികളും നടക്കും. പാരീസിൽ 200 പരിപാടികൾ സംഘടിപ്പിച്ചുകൊണ്ടാണ് ആഘോഷം. ജന്മനാടായ സാൽസ് ബർഗിലെ സിററി മേയർ ഇപ്പോൾ പറയുന്നു "സാൽസ് ബർഗിനെ ഭൂപടത്തിലെത്തിച്ച മൊസാർട്ടില്ലാതെ സാൽസ്ബർഗില്ല"

സംഗീത ലിഖിതങ്ങളിലൂടെ കാലത്തെ അതിവർത്തിക്കുന്ന മൊസാർട്ട്, സ്വരാശ്വാസമായി മാനവരാശിയെ എന്നും അനുഗ്രഹിക്കും.

# Transaction Cost and VAT

**P.S. Mohan Kumar**
*Sree Sankara College, Kalady*

Transaction cost is a cost incurred in making an economic exchange. The following are the important transaction costs.

1) Commission paid to a stock broker
2) Cost of traveling from your house to a supermarket to purchase goods
3) Energy and effort required to find out a suitable product in the market.
4) The time waiting in line to purchase a product.

Thus transaction cost includes search and information cost, bargaining cost, Policing and Enforcement cost. Transaction cost is also called institutional cost since it refers to the cost of institutions (viz. firms, markets and franchiser) in producing and distributing a particular good or service. Take the case of a car manufacturing firm. Cars are produced by people using machines to transform steel and other stuff. If you add the cost of labour, material and machines, the car would not cost all that much. This is value addition, there are other people employed by the firm who have nothing to do with the manufacturing of cars; for instance managers, accountants, secretaries, sales people etc. and they represent transaction cost. This is also value addition. The greater the transactions cost the higher the cost of production. Economics of scale, agglomeration, ICT etc. help to reduce transaction cost.

The transaction costs involved in financial market are the following:

(a) brokerage (b) service tax and stamp charges (c) cost levied by NSE and turnover fee levied by SEBI.

The implementation of VAT led to increased transaction costs for exporters as per the study commissioned by the Department of Commerce. The exporters in 4 states reported about the 10% increase in their transactions costs in the VAT regime. Exporters were of the view that the increase in transaction costs can be attributed to the present VAT refund system and the increased paper work as well as record keeping. Under the present system the exporters have to first pay the VAT and then claim refund, after exports. The analysis is based on the ground level transaction costs to exporters which include cost due to customs, port, licensing, banking / processing fee and refund delays.

The major transaction costs which impede exports are burden of taxes and duties inordinate cost of transportation, underdeveloped infrastructural facilities, freight, clearing & forwarding charges for import of raw materials. Rationalization of tax structure is highly warranted since VAT lead to a rise in transaction cost

## 2. Unorganized Workers

The proposed Unorganized Workers Act seeks to encompass a large category of workers in the informed sector not governed by an employer-employee relationship. Unorganised workers refer to persons working in the unorganized sector directly or through any agency or

## ഡോക്ടറേററ്

കേരള സർവകലാശാലയിൽ നിന്നും കോമേഴ്സിൽ ഡോക്ടറേററ് നേടിയ പെരിങ്ങമ്മല ഇക്ബാൽ കോളജിലെ സെലക്ഷൻ ഗ്രേഡ് ലക്ചറർ വി. ജയരാജു. "Managerial and Commercial aspects of Ecotourism- A Comparative study of Tamil Nadu and Kerala" എന്ന വിഷയത്തെ അധികരിച്ച് എം. ജി. യൂണിവേഴ്സിററി പി. വി. സി ഡോ. കെ. കെ. യൂനസ്കുട്ടിയുടെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.





കേരള സർവ്വകലാശാലയിൽ നിന്നും പൊളിററിക്കൽ സയൻസിൽ ഡോക്ടറേററ് നേടിയ കായംകുളം എം എസ് എം കോളജിലെ പൊളിററിക്സ് വിഭാഗം മേധാവി വർഗീസ് തോമസ്.

"Democratic Decentralization and Emerging Political Leadership in Kerala - A study of Alappuzha District" എന്ന വിഷയത്തിൽ, കേരള യൂണിവേഴ്സിററിയിൽ പ്രൊഫസറും വിദൂര വിദ്യാഭ്യാസ വിഭാഗം ഡയറക്ടറും ആയിരുന്ന ഡോ. എൻ. ജോസ് ചന്ദറിന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.

അഭിനന്ദനങ്ങൾ

contractor whether inclusively for one employer or in a group of or other wise for one or more employers, a casual or temporary worker whether self employed or employed for wages. In India 50% of workers are self – employed many companies are now outsourcing and hiring contract labours. The Act is for recognition, promotion and protection of the livelihood of the unorganized sector of workers, to improve the quality of employment and to provide a decent life to workers. Unorganised sector is dependent and linked to the organized sector and rest of the economy. The essence of this act is removal of poverty of the working population of India. The actual implementation of the Act are to be taken up by the "worker facilitation centre" (WFC) to be set up everywhere by local agencies including Panchayats, trade unions or employers organizations, NGOs etc, The worker facilitation centre would register the workers

## 3. Top 10 aid recipient countries

The following are the top 10 countries which received maximum aid in the form of official Development Assistance (ODA).

1. Indonesia
2. Vietnam
3. China
4. Pakistan
5. India
6. Tanzania
7. Mozambique
8. Egypt
9. Ethiopia
10. BangladeshThe aid mainly comes from European Commission, World Bank, IMF UN agencies Regional banks and other multilateral organizations

? പ്രൈവററ് കോളജ് അധ്യാപകർക്ക് ഇൻഡ്യയിലോ വിദേശത്തോ മററ് ജോലികൾ ഏറെറടുക്കുന്നതിന് ശമ്പളമില്ലാത്ത അവധി അനുവദിക്കുന്നതിനുള്ള ഗവൺമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

= ഗവൺമെന്റിൽ നിന്ന് ശമ്പളം വാങ്ങുന്ന പ്രൈവററ് കോളജ് ഉദ്യോഗസ്ഥർക്ക് (അദ്ധ്യാപകരും അനദ്ധ്യാപകരും) ഇൻഡ്യയിലോ വിദേശത്തോ ജോലി ഏറെറടുക്കുന്നതിന് ഇനി പറയുന്ന നിബന്ധനകൾക്ക് വിധേയമായി ശമ്പളമില്ലാത്ത അവധി അനുവദിക്കാമെന്ന് ഉന്നതവിദ്യാഭ്യാസവകുപ്പിന്റെ 1985 ജൂൺ 14-ാം തീയതിയിലെ GO(MS) 137/85/ H.Ed നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

1. ഗവൺമെന്റിന്റെ മുൻകൂർ അനുമതി വാങ്ങിയ ശേഷമേ മാനേജർ അവധി അനുവദിക്കാൻ പാടുള്ളൂ.
2. ജോലി സ്ഥിരമായവർക്കും ജോലിയിൽ പ്രവേശിച്ച കേഡറിൽ പ്രൊബേഷൻ പൂർത്തിയായവർക്കും മാത്രമേ ഈ പദ്ധതിയിൽ അവധി അനുവദിക്കുകയുള്ളൂ. ലീവിൽ ഇരിക്കുന്ന സമയത്തുള്ള ലീവ് കമ്മ്യൂട്ടേഷൻ, ഹാഫ് പേ ലീവ്, പ്രൊമോഷനുള്ള അവസരം തുടങ്ങിയവ ഇവർക്ക് നഷ്ടപ്പെടുന്നതായിരിക്കും.
3. പ്രൊബേഷൻ പൂർത്തിയാകാത്തവർക്കും ജോലി സ്ഥിരമാകാത്തവർക്കും ചില നിബന്ധനകൾക്ക് വിധേയമായി അവധി അനുവദിക്കാം. ലീവ് കഴിഞ്ഞ് തിരികെ പ്രവേശിക്കുമ്പോൾ ഇവർ സർവീസ് ആദ്യം മുതൽ തന്നെ തുടങ്ങണം. അതായത് ലീവിനുമുമ്പുള്ള എല്ലാ സർവീസ് ആനുകൂല്യങ്ങളും ഇവർക്ക് നഷ്ടപ്പെടും.
4. ആദ്യം 5 വർഷത്തേക്കാണ് അവധി അനുവദിക്കുന്നത്. വീണ്ടും 5 വർഷത്തേക്കോ അതിൽ കുറഞ്ഞ കാലത്തേക്കോ ലീവ് നീട്ടിയെടുക്കാം. പരമാവധി 10 വർഷത്തേക്കാണ് അവധി അനുവദിക്കുക (ഇത്തരത്തിലുള്ള അവധിയുടെ പരിധി 7.9.1989 ലെ GO (MS) 178/89/H.Edn ഉത്തരവ് പ്രകാരം പരമാവധി 15 വർഷമായി നിശ്ചയിച്ചിട്ടുണ്ട്.) അവധി അവസാനിച്ചതിനുശേഷം ഉദ്യോഗസ്ഥൻ തിരികെ ജോലിയിൽ പ്രവേശിച്ചില്ലെങ്കിൽ ആ ഉദ്യോഗസ്ഥന്റെ സർവീസ് അവസാനിച്ചതായി കണക്കാക്കും.
5. പൊതുമേഖലാ സ്ഥാപനങ്ങളിലോ ഗവൺമെന്റിൽ നിന്ന് കാര്യമായ ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങളിലോ ജോലി ഏറെറടുക്കുന്നതിന് ഇത്തരത്തിലുള്ള അവധി അനുവദിക്കുകയില്ല.
6. ഒരു നിശ്ചിതകാലത്തേക്ക് ഒരു സ്ഥാപനത്തിൽ ജോലി ചെയ്തുകൊള്ളാമെന്ന് ബോണ്ട് എഴുതികൊടുത്തിട്ടുള്ളവർക്കും ഏതെങ്കിലും തരത്തിലുള്ള അച്ചടക്ക നടപടിയോ വിജിലൻസ് അന്വേഷണമോ നേരിടുന്നവർക്കും ഇത്തരത്തിലുള്ള അവധി അനുവദിക്കുകയില്ല.
7. അവധി അനുവദിക്കുന്നതിനുള്ള അനുമതി ലഭിക്കാതെ മററ് ജോലികൾ സ്വീകരിച്ച് പോകുന്നവരെ സർവീസിൽ നിന്ന് പുറത്തായവരായി കണക്കാക്കും.
8. അവധി അനുവദിച്ചുകൊണ്ടുള്ള ഉത്തരവും അവധി അനുവദിക്കുമ്പോൾ ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകളും സർവീസ് ബുക്കിൽ രേഖപ്പെടുത്തിയ ശേഷം ബന്ധപ്പെട്ട കോളജ്വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അത് എൻഡോഴ്സ് ചെയ്യണം.

? പ്രൈവററ് കോളജ് അധ്യാപകനാകുന്നതിന് മുമ്പ് ഞാൻ സംസ്ഥാന മ്യൂസിയം വകുപ്പിൽ 7 വർഷത്തോളം ജോലി നോക്കിയിട്ടുണ്ട്. സംസ്ഥാന പബ്ളിക് സർവീസ് കമ്മീഷൻ വഴിയാണ് അന്നത്തെ ജോലി ലഭിച്ചത്. 2007 ൽ ഞാൻ അധ്യാപന ജോലിയിൽ നിന്ന് വിരമിക്കുകയാണ്. മ്യൂസിയത്തിലെ എന്റെ മുൻകാല സർവീസ് ഇപ്പോൾ ലഭിക്കാൻ പോകുന്ന പെൻഷന് കണക്കാക്കുമോ?

= ധന (പെൻഷൻ - B) വിഭാഗത്തിന്റെ 5.6.1985 ലെ GO (P) 319/85/fin നമ്പർ ഉത്തരവ് പ്രകാരം പ്രൈവററ് കോളജിലെ ജോലിക്കാർക്ക് (അധ്യാപകരുൾപ്പെടെ) അവരുടെ മുൻകാല ഗവൺമെന്റ് സർവീസ് പെൻഷന് കണക്കാക്കാം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് മ്യൂസിയത്തിലെ താങ്കളുടെ മുൻകാല സർവീസും കൂടി കണക്കാക്കി 2007 ൽ റിട്ടയർ ചെയ്യുന്ന സമയത്ത് പെൻഷൻ ലഭിക്കേണ്ടതാണ്.

വായനക്കാരുടെ സർവ്വീസ് സംബന്ധമായ സംശയങ്ങൾക്ക് എഴുതുക.

**പ്രൊഫ. കെ. എസ്. ജയചന്ദ്രൻ**
മേഘന, മണ്ണുത്തി പി. ഒ., തൃശ്ശൂർ- 680 651
ഫോൺ: 0487-2371971

# മേശപ്പുറത്ത് അണുസംയോജനം

ഡോ. എം.ആർ.സുദർശനകുമാർ
എം.ജി. കോളജ്, തിരുവനന്തപുരം

ഒരു അണു കേന്ദ്രം വിഭജിക്കപ്പെടുന്ന പ്രക്രിയയാണ് അണുവിഘടനം. ഇത് സ്വാഭാവികമായോ പ്രേരിതമായോ നടക്കാം. പ്രേരിത വിഘടനത്തിൽ ഭാരം കൂടിയ അണു കേന്ദ്രങ്ങളെ കണങ്ങളുപയോഗിച്ച് (ഉദാ: ന്യൂട്രോൺ) പിളർക്കുകയാണ് ചെയ്യുന്നത്. ഈ പ്രക്രിയയിലൂടെ ഭീമമായ ഊർജം ഉല്പാദിപ്പിക്കാം.

ഭാരം കുറഞ്ഞ അണു കേന്ദ്രങ്ങൾ കൂടിച്ചേർന്ന് ഭാരംകൂടിയ അണുകേന്ദ്രമുണ്ടാകുന്ന പ്രക്രിയയാണ് അണുസംയോജനം. നക്ഷത്രങ്ങളുടെ ഭീമമായ ഊർജത്തിനാധാരമായിട്ടുള്ള പ്രക്രിയയാണിത്. വളരെ ഉയർന്ന ഊഷ്മാവിൽ ഭീമമായ ഊർജം നൽകിയാൽ മാത്രമേ അണുസംയോജനം നടത്താനാകൂ. 2002 ൽ തലേയർഖാനും കൂട്ടരും മേശപ്പുറത്ത് സാധാരണ ഊഷ്മാവിൽ അണുസംയോജനം സാധ്യമാണെന്ന് സ്ഥാപിക്കുന്ന ഒരു പരീക്ഷണം റിപ്പോർട്ട് ചെയ്തു. ഒരു ബീക്കറിൽ ഹൈഡ്രജനു പകരം ഡ്യുറേറിയം അടങ്ങിയ അസറ്റോണെടുത്തു ന്യൂട്രോൺ പതിപ്പിച്ചു. ഇതുമൂലമുണ്ടായ ദ്രാവക കുമിളകൾ ഒരു സ്ഫോടനത്തോടുകൂടി പൊട്ടിതകരുകയും ചെയ്തു. ഈ പൊട്ടിത്തെറിയുടെ ഊർജം മൂലം ഡ്യൂറേറിയം ആററങ്ങൾ സംയോജിച്ച് ട്രിഷ്യവും ന്യൂട്രോണുമുണ്ടായതായി അവർ പരീക്ഷണഫലം പ്രസിദ്ധപ്പെടുത്തി. ഈ ഗവേഷണഫലം ശാസ്ത്രജ്ഞരുടെ കടുത്ത വിമർശനത്തിനിടയാക്കി. ദ്രാവകത്തിൽ പതിപ്പിച്ച ന്യൂട്രോണുകൾ തന്നെയാണവർക്ക് തിരികെ ലഭിച്ചതെന്നും ശരിയായ അണുസംയോജനം നടന്നില്ലെന്നും അവർ വാദിച്ചു. ഇപ്പോൾ തലേയർഖാനും കൂട്ടരും ന്യൂട്രോണിനു പകരം ആൽഫാ കണമുപയോഗിച്ചു നടത്തിയ പുതിയ പരീക്ഷണത്തിലും പഴയ പരീക്ഷണഫലം ആവർത്തിച്ചു. നാലു വ്യത്യസ്ത ദ്രാവകങ്ങളിൽ ഈ പരീക്ഷണം ചെയ്തപ്പോൾ ഒരു സെക്കന്റിൽ അയ്യായിരത്തിനും ഏഴായിരത്തിനുമിടയിൽ ന്യൂട്രോണുകൾ പുറത്തുവരുന്നതായി കണ്ടെത്തി. ഏതായാലും മേശപ്പുറത്ത് അണുസംയോജനം എന്ന സ്വപ്നം ശാസ്ത്രലോകത്ത് വീണ്ടും സജീവ ചർച്ചാവിഷയമായിരിക്കുകയാണ്.

## ചൊവ്വയിലെ കാഴ്ച[2]

യൂറോപ്യൻ സ്പേസ് ഏജൻസിയുടെ മർസ് എക്സ്പ്രസ് എന്ന പരീക്ഷണ സൂക്ഷ്മോപകരണം ചൊവ്വയിലെ ഉപരിതലത്തിനുള്ളിലെ കാഴ്ച പ്രദാനം ചെയ്തു. മാർസിസ് റഡാർ പേടകം നൽകിയ സ്ഥിതിവിവര കണക്കനുസരിച്ച് ഗ്രഹത്തിന്റെ ഉത്തരധ്രുവത്തിലെ പാളിക്ക് 1.8 കി. മീ. താഴ്ചയുണ്ട്. പ്രതീക്ഷിച്ചതിനു വിപരീതമായി ഹിമപാളികൾക്കിടയിൽ ദ്രാവകാവസ്ഥയിലുള്ള ജലം കണ്ടുപിടിക്കാൻ സാധിച്ചില്ല. റഡാർ പരീക്ഷണങ്ങൾ ഇനിയും കൂടുതൽ കാര്യങ്ങൾ വെളിവാക്കുമെന്ന് പ്രതീക്ഷിക്കാം!

## ശാസ്ത്രചരിത്രത്തിലെ കറുത്ത അദ്ധ്യായം[3]

1956 ഫെബ്രുവരിയിൽ അററ്ലാന്റയിൽ നടന്ന അമേരിക്കൻ അസോസിയേഷൻ ഓഫ് അഡ്വാൻസ്മെന്റ് ഓഫ് സയൻസ് വർണ വിവേചനത്തിൽ പ്രതിഷേധിച്ച് നാല് അംഗസംഘടനകൾ ബഹിഷ്കരിച്ചു. ഔദ്യോഗിക പരിപാടികളിൽ വർണവിവേചനമില്ലായിരുന്നെങ്കിലും വെള്ളക്കാർ താമസിക്കുന്ന ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും കറുത്ത വർഗക്കാർക്ക് പ്രവേശനം നിഷേധിച്ചിരുന്നു. ഇതിൽ പ്രതിഷേധിച്ച് കറുത്തവർഗക്കാരായ പല പ്രമുഖ ശാസ്ത്രജ്ഞരും മീററിംഗിൽ പങ്കെടുക്കുകയുണ്ടായില്ല.

## ശാസ്ത്രജ്ഞനാകാൻ ഒരു നൂറു കാരണങ്ങൾ (One Hundred Reasons to be a Scientist)[3]

ശാസ്ത്രകോഴ്സുകൾക്ക് ഇന്ന് നല്ല വിദ്യാർത്ഥികളെ ലഭിക്കുന്നില്ല എന്നത് സാർവത്രികമായ പരാതിയാണ്. ശാസ്ത്രത്തിലേക്ക് സമർത്ഥരായ വിദ്യാർത്ഥികളെ ആകർഷിക്കാൻ പര്യാപ്തമായ പുസ്തകമാണിത്. പ്രമുഖ ശാസ്ത്രജ്ഞർ അവരെങ്ങനെയാണ് ശാസ്ത്രവുമായി അടുത്തതെന്നും അവരുടെ ശാസ്ത്രഗവേഷണ മേഖലയെക്കുറിച്ചും പ്രതിപാദിക്കുന്ന പുസ്തകമാണിത്. (ഇററലിയിലെ ICTP പ്രസിദ്ധീകരിച്ച പുസ്തകം Scholars without Boarders, D107, Saicet, New Delhi (www.scholarswithoutborders.in) വിതരണം ചെയ്യുന്നു.)

**References**

*1.New Scientist, 21 January 2006, P. 13, 2.Scientific American, February 2006, p. 7, 3.Resonance, January 2006, p. 88*

# UGC - ACADEMIC STAFF COLLEGE
## University of Kerala

Phone : Off : 0471 - 2418989, Fax : 0471 - 2412267, E-mail:ascunike@yahoo.com,
Golden Jubilee Complex, Kariavattom - 695 581, Thiruvananthapuram, India

### ❖ TENTATIVE SCHEDULE OF PROGRAMMES FOR THE FINANCIAL YEAR 2006 -2007

| SUBJECT/DISCIPLINE | | From to |
|---|---|---|
| 1. Refresher Course in English | - | 17-04-2006 to 08-05-2006 |
| 2. Orientation Programme (IT Oriented) | - | 18-04-2006 to 15-05-2006 |
| 3. Refresher Course in Physical Education | - | 19-04-2006 to10-05-2006 |
| 4. Refresher Course in Library Science | - | 09-05-2006 to30-05-2006 |
| 5. Refresher Course in Chemistry | - | 11-05-2006 to 31-05-2006 |
| 6. Refresher Course in Malayalam | - | 16-05-2006 to 05-06-2006 |
| 7. Orientation Programme (IT Oriented) | - | 01-06-2006 to 28-06-2006 |
| 8. Refresher Course in Hindi | - | 02-06-2006 to 22-06-2006 |
| 9. Refresher Course in Commerce & Management | - | 06-06-2006 to 26-06-2006 |
| 10. Refresher Course in Physics | - | 23-06-2006 to 14-07-2006 |
| 11. Orientation Programme (IT Oriented) | - | 27-06-2006 to 24-07-2006 |
| 12. Refresher Course in Environmental Sciences | - | 15-07-2006 to 04-08-2006 |
| 13. Refresher Course in Computer Sciences | - | 25-07-2006 to 14-08-2006 |
| 14. Refresher Course in Bioinformatics | - | 27-07-2006 to 17-08-2006 |
| 15. Refresher Course in Economics | - | 05-08-2006 to 26-08-2006 |
| 16. Refresher Course in Mathematics | - | 12-08-2006 to 02-09-2006 |
| 17. Refresher Course in History | - | 11-09-2006 to 03-10-2006 |
| 18. Refresher Course in Biostatistics | - | 12-09-2006 to 04-10-2006 |
| 19. Refresher Course in Communication & Journalisam | - | 15-09-2006 to 06-10-2006 |
| 20. Refresher Course in English * | - | 05-10-2006 to 26-10-2006 |
| 21. Refresher Course in Human Rights | - | 07-10-2006 to 28-10-2006 |
| 22. Orientation Programme (IT Oriented) | - | 27-10-2006 to 23-11-2006 |
| 23. Refresher Course in Microbiology | - | 31-10-2006 to 20-11-2006 |
| 24. Refresher Course in Women's Studies | - | 01-11-2006 to 21-11-2006 |
| 25. Refresher Course in Computer Science* | - | 22-11-2006 to 12-12-2006 |
| 26. Refresher Course in Life Science | - | 24-11-2006 to 14-12-2006 |
| 27. Orientation Programme (IT Oriented) | - | 13-12-2006 to 09-01-2007 |
| 28. Refresher Course in Education | - | 15-12-2006 to 04-01-2007 |
| 29. Refresher Course in Sociology | - | 05-01-2007 to 25-01-2007 |
| 30. Refresher Course in Comparative Literature | - | 10-01-2007 to 31-01-2007 |
| 31. Refresher Course in Bioinformatics* | - | 27-01-2007 to 17-02-2007 |
| 32. Orientation Programme (IT Oriented) | - | 29-01-2007 to 25-02-2007 |
| 33. Refresher Course in Mathematics* | - | 18-02-2007 to 11-03-2007 |
| 34. Orientation Programme (for Educational Administors) | - | 26-02-2007 to 25-03-2007 |
| 35. Refresher Course in Commerce & Management* | - | 09-03-2007 to 30-03-2007 |
| 36. Refresher Course in Computer Science* | - | 10-03-2007 to 31-03-2007 |

❖ Subject to approval by the University Grants Commission
* Additional Courses are subject to availability of applicants,

# BORROWING OR INVESTING

A financial super market offering

*DOOR STEP SERVICE TO SATISFY YOUR FINANCIAL NEEDS.*

**ICICI HOME LOANS**

LOAN FOR PURCHASE, CONSTRUCTION, EXTENSION, IMPROVEMENT AND COMMERCIAL PREMISES LOAN, LOAN AGAINST PROPERTY.

**ICICI CAR LOANS**

LOAN FOR NEW AND USED CARS

**ICICI TWO WHEELER LOANS**

**ICICI AGRI BUSINESS LOAN**

**ICICI DIRECT.COM**

*online share trading and investments.*

**ICICI LOMBARD GENERAL INSURANCE**

**ICICI PRUDENTIAL LIFE INSURANCE**

**DISTRIBUTION OF MUTUAL FUNDS**

*For details please call*

## FORTUNE CAPITAL

**LALAJI JUNCTION, KARUNAGAPALLY**

Ph: 0476 - 2629200, 2629800, 3090500

II Floor, Shines Tourist Centre, Iron Bridge, Kollam

0474 - 2767122, 2767722, 3092322, Mobile: 9447029200

*E-mail-fortunecapital@sancharnet.in*

**കണ്ണൂർ - കാസർഗോഡ്**

# അക്കാദമിക് സെമിനാർ



എ. കെ. പി. സി. ടി. എ. കണ്ണൂർ - കാസർഗോഡ് ജില്ലാ അക്കാദമിക് സെമിനാർ ജനുവരി 26 ന് പയ്യന്നൂർ കോളജിൽ വച്ച് നടന്നു. സെമിനാർ എം. വി. ജയരാജൻ എം. എൽ. എ. ഉദ്ഘാടനം ചെയ്തു. ഉന്നതവിദ്യാഭ്യാസം സാർവ്വത്രികവും, സൗജന്യവുമാക്കിക്കൊണ്ട് സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ സമഗ്രവികസനത്തിന് കളമൊരുക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

മതന്യൂനപക്ഷങ്ങളായാലും ഭൂരിപക്ഷങ്ങളായാലും, സമൂഹത്തിലെ പാവപ്പെട്ടവരേയും പിന്നോക്കക്കാരേയും കൈപിടിച്ചുയർത്താനാണ് സ്വന്തം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉപയോഗിക്കേണ്ടത്. എന്നാൽ, അധികം പേരും കച്ചവട താൽപര്യം മുൻനിർത്തി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് ഉന്നതവിദ്യാഭ്യാസ മേഖലയെ അപകടപ്പെടുത്തുന്നു. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എല്ലാ തലത്തിലുമുള്ള സാമൂഹിക നിയന്ത്രണം വേണ്ട രീതിയിൽ നിലനിർത്തിയില്ലെങ്കിൽ ഉള്ള അപകടം നാം തിരിച്ചറിയണമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം വ്യക്തമാക്കി.

അന്തരിച്ച വിദ്യാഭ്യാസ വിചക്ഷണനും, കണ്ണൂർ സർവകലാശാലാ മുൻവൈസ്ചാൻസലറുമായ ഡോ. പി. കെ. രാജന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിയാണ് യോഗനടപടികൾ ആരംഭിച്ചത്. സംസ്ഥാന കമ്മിററിയംഗം ഡോ. ടി. പവിത്രൻ അനുശോചന പ്രമേയം അവതരിപ്പിച്ചു.

ഐഫക്ടോ ദേശീയ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട എ. കെ. പി. സി. ടി. എ. സംസ്ഥാന പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫിനെ യോഗം അനുമോദിച്ചു. കണ്ണൂർ - കാസർഗോഡ് ജില്ലാ കമ്മററിയുടെ സ്നേഹോപഹാരം സംസ്ഥാന കമ്മിററിയംഗം ശ്രീ. വി. കുട്ട്യൻ അദ്ദേഹത്തിന് നൽകി.

'സ്വയംഭരണ കോളജുകളും, ഉന്നതവിദ്യാഭ്യാസ മേഖലയും' എന്ന വിഷയത്തിൽ പ്രബന്ധമവതരിപ്പിച്ചുകൊണ്ട് പ്രൊഫ. തോമസ് ജോസഫ് ഡോ. പി. കെ. രാജൻ അനുസ്മരണ പ്രഭാഷണം നടത്തി. 1966 ലെ കോത്താരി കമ്മീഷൻ വിഭാവനം ചെയ്യുന്ന അക്കാദമിക് സ്വയംഭരണം എന്ന ആശയത്തെ തമസ്കരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ യു. ജി. സി. വിഭാവനം ചെയ്യുന്നത്. 2005 ൽ Central Advisory Board of Education (CABE) യു. ജി. സി. ക്ക് സമർപ്പിച്ച റിപ്പോർട്ടിൽ സ്വയംഭരണം എന്നത് സാ



തോമസ് ജോസഫ്



*രാജൻവർഗ്ഗീസ്*

മ്പത്തിക സ്വയംഭരണം എന്നതിലേയ്ക്ക് മാററിയിരിക്കുന്നു. ഈ റിപ്പോർട്ട് പൂർണ്ണരൂപത്തിൽ നടപ്പാക്കാൻ ഇപ്പോൾ യു. ജി. സി. ശ്രമിക്കുന്നു. അഫിലിയേററഡ് കോളജുകൾക്ക് നൽകിവരുന്ന സാമ്പത്തിക സഹായങ്ങൾ പൂർണ്ണമായും നിർത്തലാക്കുകയെന്ന ലക്ഷ്യം ഇത്തരം പ്രവർത്തനങ്ങൾക്ക് പിന്നിലുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

'ആഡ് - ഓൺ കോഴ്സു'കളെക്കുറിച്ച് എ. കെ. പി. സി. ടി. എ. അക്കാദമിക് കമ്മിററി കൺവീനർ ഡോ. രാജൻവർഗീസ് പ്രബന്ധം അവതരിപ്പിച്ചു. നിലവിലുള്ള കോഴ്സുകളെ ആകർഷകമാക്കുകയെന്ന ഉദ്ദേശത്തോടെ കോളജുകളിൽ ആരംഭിക്കുന്ന ഇത്തരം കോഴ്സുകളെക്കുറിച്ചുള്ള യു. ജി. സി. നിർദ്ദേശങ്ങളിൽ നിലനിൽക്കുന്ന അപാകതകളും, അവ്യക്തതകളും വിവിധ തലങ്ങളിൽ ചർച്ച ചെയ്തു പരിഹരിക്കാതെ ഇവ ധൃതിയിൽ നടപ്പിലാക്കാൻ ശ്രമിക്കുന്നത് ദോഷം ചെയ്യുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇത്തരത്തിലുള്ള സെമിനാറുകൾ ഇതിന് ഉപകരിക്കുമെന്ന് അദ്ദേഹം സൂചിപ്പിച്ചു.

തുടർന്നുള്ള സെഷനിൽ, പൊതുവിദ്യാഭ്യാസ മേഖലയിൽ 'സ്വാശ്രയ കോളജുകൾ ഉണ്ടാക്കിയ പ്രതിസന്ധി' യെക്കുറിച്ച് എസ്. എഫ്. ഐ. കേന്ദ്രകമ്മിററി അംഗം സ: പി. ബിജു സംസാരിച്ചു. മുമ്പെങ്ങുമില്ലാത്ത വിധത്തിലുള്ള കച്ചവടതാൽപര്യങ്ങൾ ഇന്ന് വിദ്യാഭ്യാസ മേഖലയെ - പ്രത്യേകിച്ച് ഉന്നതവിദ്യാഭ്യാസ മേഖലയെ നശിപ്പിക്കുവാൻ തുടങ്ങിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഇതിനെതിരെ സംഘടിത പോരാട്ടം സംഘടിപ്പിക്കപ്പെടേണ്ടതുണ്ട്. ഇത്തരം സെമിനാറുകൾ ഇതിന് ശക്തി നൽകും.



*പി. ബിജു*

'കഴിഞ്ഞ പത്ത് വർഷങ്ങളിൽ കണ്ണൂർ സർവ്വകലാശാല' എന്ന വിഷയത്തിൽ എ. കെ. പി. സി. ടി. എ സംസ്ഥാന പ്രവർത്തക സമതിയംഗം ശ്രീ. എ. പി. കുട്ടികൃഷ്ണൻ. സംസാരിച്ചു.

തുടർന്ന് നടന്ന സജീവമായ ചർച്ചകളെ സംസ്ഥാന സെക്രട്ടറി ശ്രീ. സി. പത്മനാഭൻ ക്രോഡീകരിച്ചുകൊണ്ട് സംസാരിച്ചു.

ജില്ലാ സെക്രട്ടറി ഡോ. കെ. പ്രദീപ് കുമാർ 'സംഘടനാ പ്രവർത്തന രൂപരേഖ' അവതരിപ്പിച്ചു.

സെമിനാറിൽ എ. കെ. പി. സി. ടി. എ. ജില്ലാ പ്രസിഡന്റ് ശ്രീ. പി. വി. രവീന്ദ്രൻ അധ്യക്ഷത വഹിച്ചു.

ജില്ലാ അക്കാദമിക് കമ്മിററി കൺവീനർ ഡോ. സൈനുൽ ഹുക്മാൻ സ്വാഗതവും, പയ്യന്നൂർ കോളജ് ബ്രാഞ്ച് സെക്രട്ടറി നിശാന്ത് .എ നന്ദിയും പറഞ്ഞു.

**കോഴിക്കോട്**

# പുസ്തകസംവാദം


എ. കെ. പി. സി. ടി. എ. കോഴിക്കോട് ജില്ലാ കമ്മിററിയുടെ ആഭിമുഖ്യത്തിൽ ഗുരുദർശന അവാർഡ് നേടിയ കെ. ഇ. എന്നിന്റെ 'ഇരകളുടെ മാനിഫെസ്റേറാ' എന്ന പുസ്തകത്തെക്കുറിച്ച് ജനുവരി 9 ന് ചർച്ച നടത്തി. ചടങ്ങിൽ ജില്ലാ പ്രസിഡന്റ് ഡോ. യു. ഹേമന്ത് കുമാർ ആധ്യക്ഷം വഹിച്ചു. ഡോ. എൻ. വി. പി. ഉണിത്തിരി, ഡോ. പി. കെ. പോക്കർ, ഷിബു മുഹമ്മദ്, ഡോ. കെ. എം. അനിൽ, രാധാകൃഷ്ണൻ ഇളയിടത്ത്, കെ. ഇ. എൻ. എന്നിവർ പ്രസംഗിച്ചു. ഡോ. എൻ. എം. സണ്ണി പുസ്തകം പരിചയപ്പെടുത്തി. ജില്ലാ സെക്രട്ടറി ഡോ. ഡി. കെ. ബാബു സ്വാഗതവും അക്കാദമിക് കമ്മിററി കൺവീനർ ഡോ. എം. കെ. രാമകൃഷ്ണൻ നന്ദിയും പറഞ്ഞു.




# നന്മ നിലനിർത്താൻ അദ്ധ്യാപക സമൂഹം ശ്രമിക്കണം

## - പി. ഗോവിന്ദപിള്ള

സാമൂഹിക നന്മ നിലനിർത്താൻ അദ്ധ്യാപക സമൂഹം ശ്രമിക്കണമെന്ന് എ. കെ. പി.സി.ടി. എ ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് പി. ഗോവിന്ദപിള്ള അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസമേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത് ജനവിരുദ്ധ നയങ്ങളാണ്. അതിനെതിരെ ജാഗ്രത പുലർത്തേണ്ടത് അദ്ധ്യാപക സമൂഹമാണ്. സാമൂഹിക നന്മയെക്കുറിച്ചുള്ള ശരിയായ അറിവും അത് നിലനിർത്തേണ്ട ബാദ്ധ്യതയും അദ്ധ്യാപക സമൂഹത്തിന് ഉണ്ടായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. എൻ. ജി. ഒ യൂണിയൻ ട്രഷറർ എസ്. ശ്രീകണ്ഠേശൻ, എ. കെ. ജി. സി. ടി ജില്ലാ സെക്രട്ടറി പ്രൊഫ. പി. എം. രാജീവ് എന്നിവർ സംസാരിച്ചു.. ജില്ലാ പ്രസിഡൻറ് പ്രൊഫ. ജോണി കെ. ജോൺ അദ്ധ്യക്ഷനായിരുന്നു. ജില്ലാ സെക്രട്ടറി ഡോ. വി. രാജേന്ദ്രൻ നായർ സ്വാഗതവും ഡോ. എം. ഷാഹുൽഹമീദ് നന്ദിയും പറഞ്ഞു. സർവ്വീസിൽ നിന്ന് വിരമിക്കുന്ന പ്രൊഫ. സി. ഡി. അയ്യപ്പൻപിള്ള ഡോ. എം. ബഷീർ, പ്രൊഫ. പി. രത്നവല്ലി എന്നീ അദ്ധ്യാപകർക്ക് യാത്രയയപ്പ് നൽകി.




സാമൂഹ്യ നീതിയും ഗുണമേന്മയും ഉന്നതവിദ്യാഭ്യാസത്തിൽ എന്ന വിഷയത്തെ അധികരിച്ച് തിരൂരങ്ങാടി പി. എസ്. എം. കോളജ് യൂണിററ് സംഘടിപ്പിച്ച പി. വി. ഹമീദ് - കെ. സുലൈമാൻ അനുസ്മരണ പ്രഭാഷണം എ.കെ. പി.സി.ടി. എ അക്കാദമിക് കമ്മിററി കൺവീനർ ഡോ. രാജൻവർഗീസ് നടത്തി. ഡോ. രാജേന്ദ്രൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രിൻസിപ്പൽ മേജർ ഇബ്രായിൻ കെ, പ്രൊഫ. പി. മമ്മദ് എന്നിവർ സംസാരിച്ചു.

**ആലപ്പുഴ**





# രമേഷ്ചന്ദ്രൻ അനുസ്മരണ പ്രഭാഷണം

എഴുത്തുകാരനും സാഹിത്യപ്രവർത്തക സഹകരണസംഘം അഡ്മിനിസ്ട്രേററും എ കെ പി സി ടി എ നേതാവുമായിരുന്ന പ്രൊഫ. വി. രമേഷ് ചന്ദ്രന്റെ അഞ്ചാം ചരമവാർഷികം ആചരിച്ചു. ചേർത്തല എൻ എസ് എസ് കോളജ് എ കെ പി സി ടി എ ബ്രാഞ്ചിന്റെയും മലയാള വിഭാഗത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ ഐഫക്ടോ പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫ് " ഉന്നതവിദ്യാഭ്യാസവും ആഗോളവൽക്കരണവും" എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തി. പ്രൊഫ. പി. നാരായണൻകുട്ടി നായർ അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. ബി. ശ്രീകുമാർ, ഡോ. ജി. ഭാസ്കരൻ, പ്രൊഫ. ഡി. എൻ. നായർ, പ്രൊഫ. എസ്. മീനാക്ഷി, ഡോ. എൻ. മാധവമേനോൻ എന്നിവർ സംസാരിച്ചു. ബി എ മലയാളം പരീക്ഷയിൽ കൂടുതൽ മാർക്ക് നേടുന്ന വിദ്യാർത്ഥിക്ക് എ കെ പി സി ടി എ ബ്രാഞ്ച് ഏർപ്പെടുത്തിയിട്ടുള്ള പ്രൊഫ. രമേഷ് ചന്ദ്രൻ ക്യാഷ് അവാർഡ് റോസ്മേരി എബ്രഹാമിന് പ്രൊഫ. തോമസ് ജോസഫ് സമ്മാനിച്ചു.

## എ.കെ.പി.സി.ടി.എ യ്ക്ക് എതിരില്ല

ചേർത്തല എൻ. എസ്. എസ് കോളജ് കൗൺസിലിലേയ്ക്ക് എ കെ പി സി ടി എ സ്ഥാനാർത്ഥികളായ പ്രൊഫ. ജി. രാധാകൃഷ്ണൻ നായർ, പ്രൊഫ. എ. കൃഷ്ണമ്മ എന്നിവർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

## ചേർത്തല എൻ.എസ്.എസ് കോളജിൽ നിന്ന് വിരമിക്കുന്ന അധ്യാപകർ



*പി. നാരായണൻ കുട്ടി നായർ*
*(മാത്തമററിക്സ്)*



*ടി. ഉമാദേവി*
*(ഹിന്ദി)*



*എ. വത്സല*
*(ഹിസ്ററി)*

# HIGH COURT OF KERALA
# PROCEDURE UNPRECEDENTED

Legal experts have expressed doubts about the propriety and validity of the unprecedented procedure adopted by Hon. Justice Pius C Kuriakose of the High Court of Kerala in directing the Registrar to collect telephonic and written advice from the Principal, S.B. College, Chenganacherry regarding the administrative experience of the Head of the Department in an Arts and Science College. The unusually long-winded interim order has incorporated the advice as part of the records of the case , which the judge has relied upon in vacating the stay against the appointment of Dr. Sulekha as Controller of Examinations, Kerala University. It is learnt that no opportunity was given in the open court to counter the "expert advice" submitted by a questionable authority.

Excerpts from the order in W.P. ( C ) No. 33661 / 2005 dated 19th Jan. 2006

......14. As noticed by me while narrating the pleadings, the issue whether Dr. Sulekha, the selectee is having the requisite administrative experience of about five years "in a responsible post including management of staff of a university or college or education department or similar institutions" has been highly contentious in the case. The administrative experience claimed by Dr. Sulekha, the selectee as principal of the NSS College where she is presently working was conceded by all parties and therefore the controversy was whether the administrative experience claimed by her as Head of the Department in the college where she worked could also be taken into account as administrative experience for the purpose of Ext. p1 notification. Though it is well known that in affiliated colleges there are Departments for various disciplines of study and the Departments are headed mostly by seniormost professors designated as Heads of the Department, neither the Standing Counsel for the University nor Sri. George Poonthottam was able to show me any statutory provisions providing as to what, if any, are the administrative functions discharged by Heads of Departments in affiliated colleges. Though learned counsel certainly referred to Statutes 18 and 19 of Chapter 3 of the Kerala University First Statutes which deal with Heads of the Education Departments in the University and not to Department in affiliated colleges. **I therefore directed the Registrar (Management) to immediately get in touch with the Principal of St. Berchmans College, Changanassery, one of the ancientmost colleges in the State, affiliated originally to the Kerala University and presently to the Mahatma Gandhi University over telephone and submit a report immediately as to whether the Heads of the various Departments are discharging any administrative functions and, if so, what are the nature of such functions discharged by them. The Registrar (management) readily contacted the principal of the S.B. College and submitted a report on 21.12.2005. Later, as instructed by the Registrar (management), the Principal has on 28.12.2005 forwarded a letter to the Registrar (General) confirming the information already coveyed by him over telephone.**

..........18. The Principal of SB College, Changanassery would convey to the Registrar (Managment) over phone on 21.12.2005 that all HODs in his college were appointed by the manager of the institution and that they have been assigned certain administrative funtions which they have to

discharge for and on behalf of the principal of the College; that all HODs are authorised to allocate teaching assignments to the teachers in their respective departments and also to look after everyday activities of the students of their departments; that they are authorised to forward leave applications of teachers of their respective departments with their recommendations to the principal; that they are authorised to take any other remedial or disciplinary action for and on behalf of the principal in respect of any complaints that may be received by them from the students or in respect of students of their departments with the concurrence of the Principal. Later, confirming the information conveyed over the telephone, the Principal has submitted a report dated 28.12.2005 to the Registrar which is to the following effect:-

"As we have talked over phone, I would like to bring to your kind notice the following regarding the administrative duties of the Head of the Department of Arts & Science Colleges in Kerala:

1. The Head of the Department is appointed by the manager of the College.
2. The Principal delegates the HOD to discharge the administrative duties of the Department on his/her behalf.
3. The HOD, in consultation with his/her colleagues, allocates the work for all the member of the Department.
4. The HOD chairs the admission committee of the respective department.
5. Any leave application of the teachers shall be forwarded to the principal by the HOD
6. Any action with regard to indiscipline of the students can be taken by the HOD in consultation with the Principal.
7. The HOD has to oversee the smooth conduct of the classes in the department."

The report dated 28.12.2005 submitted by the Principal, SB College, Changanassery will form part of the records of the case.

# സെന്റ് ആൽബർട്സ് കോളജ് : സമയമാററം പിൻവലിക്കാൻ ഹൈക്കോടതി ഉത്തരവ്

എറണാകുളം സെന്റ് ആൽബർട്സ് കോളജിലെ സമയമാററം പിൻവലിക്കാൻ കേരളാഹൈക്കോടതി ഉത്തരവായി. ഈ അദ്ധ്യായന വർഷം ആരംഭം മുതൽ സെന്റ് ആൽബർട്ട് കോളജിലെ സമയം രാവിലെ എട്ടു മുതൽ ഉച്ചക്ക് 1.30 വരെയാക്കി പുനഃക്രമീകരിച്ചു. ഉച്ചകഴിഞ്ഞുള്ള സമയം സ്വാശ്രയ കോഴ്സുകൾ തുടങ്ങുന്നതിനായാണ് നീക്കം നടത്തിയത്. ആൽബർട്സ് കോളജിനെ ഘട്ടം ഘട്ടമായി സ്വകാര്യവത്കരിക്കാനുള്ള നീക്കത്തിനെതിരെ വിദ്യാർത്ഥികളും അദ്ധ്യാപകരും ശക്തമായ പ്രക്ഷോഭം സംഘടിപ്പിച്ചിരുന്നു. സമയമാററം സംബന്ധിച്ച കാര്യങ്ങളെപ്പററി എം ജി സർവ്വകലാശാല അന്വേഷണ കമ്മീഷനെ നിയോഗിച്ചിരുന്നു. സെന്റ് ആൽബർട്സ് കോളേജിന്റെ സമയ പുനഃക്രമീകരണം സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണെന്ന് സർവ്വകലാശാല അന്വേഷണ കമ്മീഷൻ കണ്ടെത്തുകയും ചെയ്തിരുന്നു. തുടർന്ന് സമയ മാററം പിൻവലിക്കണമെന്ന് സർവകലാശാല കോളജിനോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശം കൂട്ടാക്കാത്ത മാനേജ്മെന്റിന്റെ നടപടിയെ ചോദ്യം ചെയ്തുകൊണ്ട് സമർപ്പിച്ച ഹർജിയിലാണ് ഹൈക്കോടതി സർക്കാർ ഉത്തരവ് നടപ്പാക്കണമെന്ന് എറണാകുളം സെന്റ് ആൽബർട്സ് കോളജിനോട് ആവശ്യപ്പെട്ടത്.

KERALA LOK AYUKTA
BEFORE
THE HON'BLE Mr. JUSTICE K. SREEDHARAN, LOK AYUKTA
AND
THE HON'BLE MR. JUSTICE K.A. MOHAMED SHAFI, UPA LOK AYUKTA
WEDNESDAY, THE 28TH DAY OF DECEMBER 2005

Complaint No.773/2005

Complainant :

1. T.T Alexander,
Lecturer, Sl. Grade in Physics,
Secretary, P.T.A St. Xeviers College, Thumpa
Thiruvananthapuram residing at Thoompunkal.
No.5 Kailas Gardens, Sreekariyam. P.O,
Thiruvananthapuram.
2. Cyril Johnson,
Lecturer, (Executive Committee member, PTA),
Selection Grade, St. Xaviers college,
Thumpa, Thiruvananthapuram.
Residing at Felbon, Kalavarathope,
Kazhakkuttom P.O,Trivandrum.
3. Mr. Thampi.Y
Lecturer, Sl. Grade (Executive Committee Member, PTA),
St. Xaviers College, Thumpa, Thiruvananthapuram,
residing at T.C. 08/1127, Chenthi Lane,
Medical College. P.O, Pongummoodu,
Thiruvananthapuram

Respondents :

1. Prof. T.M. George, Principal,
St. Xaviers College, Thumpa, Trivandrum
2. The Secretary to Government,
Higher Education Department, Government,
Secretariat, Thiruvananthapuram.

ORDER

To enable the Principal, St. Xaviers College, Thumba to have the affairs of the PTA strictly in terms of the Government order governing the issue, time is granted till 25.1.2006. Detailed affidavit by the Principal who should act as the President of the PTA and who should have the entire financial control over the funds of the PTA should file affidavit on or before 27.1.2006, Call on 27.1.2006.

Sd/-
Justice K. Sreedharan, Lok Ayukta

Sd/-
Justice K.A. Mohamed Shafi
UPA Lok Ayukta.

## The All kerala Private College Teachers' Association

# SUBMITTED AT CHENNAI ON 15-2-06 BEFORE THE LYNGDOH COMMITTEE ON STUDENT UNION ELECTIONS

The All Kerala Private College Teachers' Association (AKPCTA) would like to submit the following for the kind consideration of the august committee constituted by the Hon. Supreme Court of India for making recommendations on the constitution of college and university unions.

1. The Principal's Council (Kerala) has actually raised a non-issue in tandem with private college managements as part of a conspiracy to clip the wings of student unions, which have been consistently opposing commercialization of education undertaken illegally by the private college managements. The Principal's Council wants elections to be held only class wise and to fix special academic qualifications and stringent attendance norms for the students contesting the elections only to enable the principals to manipulate election results by disqualifying student leaders who do not toe the official line, under one pretext or the other. The Council also wants to avoid large issues relating to the politics of education being focused in the election campaigns. An interesting aspect, which has bearing on the issue, is that most of the principals are management's cronies, appointed in violation of the existing statutory provisions regarding seniority-cum-fitness. We request that the entire issue which has now come up before the Supreme Court be considered in the light of the stand off between student unions and private college managements over the issue of commercialization of education, which practice has become rampant even in aided colleges run by powerful managements in the state.
2. It may be noted that the Principal's Council is only crying wolf by raising the bogey of criminalization of elections in the colleges in the state. As a matter of fact, campus violence has become considerably less over the past few years, mainly due the separation of Pre-degree from the campus. On an average, there are only about 1000 students in the colleges of the state. Elections are held in a peaceful atmosphere, with only a few instances of violence and electoral malpractices. The most important advantage of these elections is that students get a proper exposure to the democratic system of governance prevailing in the country. Even though it might be possible to cite occasional instances of deviance from the objectives of union elections, there are also notable instances of the college and university student unions having performed much better than their counterparts at the Panchayath, Municipal and State levels. Some student unions have come up with meaningful experiments in democratic governance, which will definitely have a larger impact on general democratic practices in the country. Various extracurricular and co-curricular activities being held under the auspices of student unions provide venue for self-improvement to a large number of students. The participation of elected representatives of students in the governance of colleges and universities could give a greater sense of belonging to the students at large.
3. The argument over Presidential / Parliamentary mode of election raised by the Council of Principals of Colleges (Kerala) in the writ appeal before the Supreme Court has little substance in it. The argument of the Council is that at present election is held in the presidential mode and that it has to be changed into the parliamentary mode. As a matter of fact, elections are held under both modes simultaneously in the colleges affiliated to the universities of Kerala. The students elect the representatives of the College Union and the Councilors for the University Union as part

of the same election. The College Union is directly elected under the presidential mode. The councilors elected from different colleges constitute the Electoral College which elects the University Union. The University Union is thus elected indirectly under the parliamentary mode. The present system gives exposure to students in both modes. If the present system is replaced by the proposed system of electing class representatives, the Electoral College for the constitution of University Union will be unmanageably large. On an average, there are about 200 colleges affiliated to each university in the state. If two representatives are to be elected from each class to constitute the Electoral College for the university union, there will be 50 students on the average from each college. The entire Electoral College for the University Union will consist of about 10000 students, drawn from three to four districts in the state. Obviously, campaigning will be expensive and malpractices will become the norm rather than the exception. On the basis of the above, we are of the firm view that the existing system should continue in future as well.

4. Some managements act as if they have the option to hold or not to hold elections. This amounts to challenging democracy itself. We demand that holding of student union elections should be mandatory for all universities and colleges. It is necessary to impart the culture of democracy among the students. A few seats should be reserved for women students as well as students from the backward communities to ensure the balanced representation of the entire student body in the student unions.
5. It is unfortunate that the campaign against campus politics orchestrated by the discredited Ambani-Birla Report has found its reflection even in the directive of the Supreme Court. Politics is a part of the praxis of democracy. Therefore a ban on politics is tantamount to a ban on democracy .It is our considered view that students should be exposed to the praxis of democracy. We should at the same time take strong steps to prevent commercialization, communalization and criminalization of campus politics. The same kind of disqualifications applicable to candidates contesting general elections could be made applicable to candidates contesting student union elections. An exception should be made in the case of stipulations regarding age. All students on the rolls, irrespective of age and academic qualifications should be allowed to take part in the electoral process unless they are otherwise disqualified in accordance with the norms for general elections.
6. Regarding grievance redressal, there should be bodies at the level of the college and universities, presided over respectively by the Principal and Vice Chancellor. The college level body could include, apart from the Principal, two senior most professors and two elected representatives of the teachers. The University level body could have, apart from the Vice chancellor, two syndicate members and two elected representatives, one each from the Senate and the Academic Council. The grievance redressal forums should have statutory powers, with the college level forums dealing with complaints at the college level and the university level body having power to hear complaints regarding University Union elections and to act as appellate authority in respect of college level decisions. Appellate tribunals which presently deal with service related issues could also entertain appeals in respect of university union elections.
7. It is finally submitted that the Hon. Supreme Court should only frame broad guidelines, on the basis of which individual universities should draft detailed regulations, which should be statutorily enforceable. The ground realities existing in different parts of this vast country are so different that different strategies might be required to implement the same set of principles.

**A.Prathapachandran Nair**
General Secretary, AKPCTA

## കേരള സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ (എഫ്) വകുപ്പ് 29.12.2005 ൽ നം. ഉ. (എം. എസ്സ്) നമ്പർ. 190/2005/ ഉ. വി. ത പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ ശരിപകർപ്പ്

ഉന്നത വിദ്യാഭ്യാസം - ജീവനക്കാര്യം - കോളജ് വിദ്യാഭ്യാസ വകുപ്പ് - ഗവ. ആർട്സ് ആന്റ് സയൻസ് കോളജുകൾ - സീനിയർ ആയിട്ടുള്ള സെലക്ഷൻ ഗ്രേഡ് ലക്ചറർ വൈസ്പ്രിൻസിപ്പാളിന്റെ തസ്തിക വഹിക്കുന്നതിന് അനുവാദം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

പരാമർശം : 1. 23.7.05 ലെ കോളജ് വിദ്യാഭ്യാസ ഡയറക്ടറുടെ ബി 1/36689/04/കോ. വി. വ. നമ്പർ കത്ത്

### ഉത്തരവ്

അക്കാദമിക് കാര്യങ്ങളിൽ സഹായിക്കുന്നതിനു ഗവ. ആർട്സ് ആന്റ് സയൻസ് കോളജുകളിലെ പ്രിൻസിപ്പൽമാരെ ഓരോ കോളജിലെയും സീനിയർ ആയിട്ടുള്ള വേണ്ടി സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഇല്ലാത്തവിധം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വി സെലക്ഷൻ ഗ്രേഡ് ലെക്ചറർ തന്റെ നിലവിലുള്ള ജോലിക്ക് ഭംഗം വരാതെ ഉത്തരവ് പുറപ്പെടുവിക്കുന്നു. ധേയമായി വൈസ് പ്രിൻസിപ്പലിന്റെ തസ്തിക വഹിക്കുന്നത് അനുവാദം നൽകി

1. ഓരോ കോളജിലെയും ഏററവും സീനിയറായ 5 വകുപ്പ് അദ്ധ്യക്ഷന്മാരുടെ പാനലിൽ നിന്നും ഒരാളെ കോളജ് വിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിയോടെ പ്രിൻസിപ്പലിന് തെരഞ്ഞെടുക്കാവുന്നതാണ്. ഏതെങ്കിലും കാരണവശാൽ വൈസ് പ്രിൻസിപ്പലിനെ മാററി പകരം നിയമിക്കുകയാണെങ്കിലും കോളജ് വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരം വാങ്ങേണ്ടതാണ്.
2. അക്കാദമിക് കാര്യങ്ങളിൽ പ്രിൻസിപ്പൽ ചുമതലപ്പെടുത്തുന്ന കാര്യങ്ങളിൽ പ്രിൻസിപ്പലിനെ സഹായിക്കുക എന്നതാണ് വൈസ് പ്രിൻസിപ്പലിന്റെ ചുമതല. എന്നാൽ പ്രിൻസിപ്പലിന്റെ അഭാവത്തിൽ പ്രിൻസിപ്പലിന്റെ നയങ്ങൾക്ക് വിരുദ്ധമായി തീരുമാനമെടുക്കാൻ വൈസ്പ്രിൻസിപ്പലിന് അധികാരമുണ്ടായിരിക്കുകയില്ല.
3. വൈസ്പ്രിൻസിപ്പലിന് ജോലിഭാരത്തിൽ രണ്ടു മണിക്കൂർ ഇളവ് അനുവദിക്കാം.. എന്നാൽ ഇങ്ങനെയുണ്ടാകുന്ന ജോലിഭാരക്കുറവിന്റെ പേരിൽ പുതിയ തസ്തിക അനുവദിക്കുന്നതല്ല.

ഗവർണറുടെ ഉത്തരവിൻപ്രകാരം

**പി. ജെ. തോമസ്**
പ്രിൻസിപ്പൽ സെക്രട്ടറി


**Read and Subscribe**

KERALA PRIVATE
COLLEGE TEACHER
*a monthly journal of AKPCTA*

**Annual Subscribtion Rs. 75/-**


*for copies contact*

*Chief Editor*
**Dr. S. Jayaraj kumar**
Geethajali,
79 Ulloor Gardens,
Kochulloor, Medical College P.O.
Thiruvananthapuram-695011
Phone: 0471-2440004

*Managing Editor*
**V. Jayakumar**
Aiswarya, TC 55/494,
Sarada Gardens Lane,
Neeramankara, Pappanamcode P.O.
Thiru vananthapuram-695018
Phone: 0471-2491432

AKPCTA State Committee Office,
Vanchiyoor, Thiruvananthapuram-35,
Phone: 0471- 2463494,
Fax: 0471-2468984, e-mail:akpcta@sancharnet.in, www.akpcta.org.

# കോഴിക്കോട് സർവ്വകലാശാല സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ




**Dr. K. K. Balachandran Nair**
NSS College, Manjeri



**P. Mammed**
PSMO College, Thirurangadi



**Dr.D.K. Babu**
Guruvayoorappan College
Kozhikode



**M. Saffarudeen**
MES College,
Mannarcaud



**P. Gopinathan**
Sree Krishna College
Guruvayoor



**K. S. Jayachandran**
Sree Kerala Varma College
Thrissur



**Dr. P.T.C. Ponnachan**
St. Thomas College
Thrissur



**C.T. Francis**
St Joseph's College
Devagiri

R.No. 36025/81
No. 197

KERALA PRIVATE COLLEGE TEACHER

Registered. No. KL/TV (N) 35/2006-2008
Rs. 11/- FEBRUARY 2006

# എ.കെ.പി.സി.ടി.എ

# 48-ാം

# സംസ്ഥാന സമ്മേളനം

## 2006 മാർച്ച് 10,11,12
## തിരുവല്ല ശ്രീഭദ്ര ആഡിറ്റോറിയം

- പ്രതിനിധി സമ്മേളനം
- ഉത്ഘാടന സമ്മേളനം
- വിദ്യാഭ്യാസ–സാംസ്കാരിക ട്രേഡ് യൂണിയൻ സമ്മേളനം
- ആർ.ആർ.സി.അനുസ്മരണ പ്രഭാഷണം
- പ്രകടനം
- പൊതു സമ്മേളനം
- ക്ഷേമനിധി വിതരണം
- യാത്രയയപ്പ് സമ്മേളനം

**വിജ്ഞാനം പങ്കിടുക വികസനം പങ്കിടുക**

Edited, Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35, Phone: 2463494, Fax: 0471-2468984, e-mail:akpcta@sancharnet.in, www.akpcta.org, at SB Press (P) Ltd. College Lane, Thiruvananthapuram-1. Phone: 2471904, Fax: 2478013, 2471904, Typeset: Genial, Tvpm, Ph: 0471-3012141 Chief Editor: S. Jayaraj kumar